നിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. കർഷകരുടെ താൽപ്പര്യം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതുരണ്ടും മുമ്പിൽ കണ്ടുകൊണ്ടു സഹകരണ പ്രസ്ഥാനം തളർത്താതെ കർഷകരുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഗവൺമെൻറ് മുന്നോട്ടു പോകാൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. പ്രമേയത്തിന്റെ സ്പിരിറിനോട് പൂർണ്ണമായും അനുകൂലിക്കുന്നു. ഗവൺമെൻറു മാത്രം ചെയ്യേണ്ട കാര്യമല്ലാത്തതുകൊണ്ട് പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യുകയില്ലെന്ന് വിശ്വസിക്കുന്നു.

The amendment moved by Shri N.I. Devassikutty was, by leave, withdrawn.

The amendment moved by Shri A.P. Kurian was put and lost.

The amendment moved by Shri N. Bhaskaran Nair was, by leave, withdrawn.

The amendment moved by Shri Thundathil Kunjukrishna Pillai was, by leave, withdrawn.

The amendment moved by Shri Chidayan Govindan was put and lost.

The amendment moved by Shri P.R. Sivan was, by leave, withdrawn.

The amendment moved by Shri N.K. Balakrishnan was, by leave, withdrawn.

The amendment moved by Shri V.K. Rajan was, by leave, withdrawn.

The amendment moved by Shri Lonappan Nambadan, was by leave, withdrawn.

The amendment moved by Shri R. Sundaresan Nair was, by leave, withdrawn.

The amendment moved by Shri E. Narayanan Nair was, by leave, withdrawn.

The amendment moved by Shri P. Seethi Haji was, by leave, withdrawn.

The amendment moved by Shri K.J. Chacko was, by leave, withdrawn.

The Resolution moved by Shri E.K. Pillai was, by leave, withdrawn.

(ii) താലൂക്കുകളുടേയും ഡിസ്ട്രിക്റുകളുടേയും പുനർനിർണ്ണയം

ഡോ. ജോർജ് മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''ജനസംഖ്യ, വിസ്തീർണ്ണം, വികസനം, റവന്യൂ വർദ്ധനം മുതലായവ കണക്കിലെടുത്ത് കേരളത്തിലെ താലൂക്കുകളും ഡിസ്ട്രിക്റുകളും പുനർനിർണ്ണയം ചെയ്യുന്നതിന് ഒരു കമ്മിറിയെ നിയോഗിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.''

ചരിത്രപ്രസിദ്ധമായ കേരള ജില്ലാഭരണബിൽ നിയമം ആയിരിക്കുന്ന സമയത്ത് കേരളത്തിലെ റവന്യൂ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിക്കണമെന്ന് പറയുന്നത് നീതിയുക്തമായ സംഗതിയാണ്. ചരിത്ര പശ്ചാത്തലം എടുത്തുനോക്കിയാൽ പലതരം ജില്ലകളുണ്ട്. വ്യാവസായിക ജില്ലയുണ്ട്. വിദ്യാഭ്യാസ ജില്ലയുണ്ട്. എന്നാൽ നമ്മുടെ ഭാരതത്തിൽ ലോർഡ് കോൺവാലീസ് എന്ന വൈസ്രോയിയാണ് റവന്യൂ ജില്ല ആദ്യമായി ഭരണഘടകമായി മാറിയത്. 1756-നും 1793-നും ഇടയ്ക്ക് വൈസ്രോയിയായിരുന്ന ലോർഡ് കോൺവാലിസ് ആണ് ഇത് ആദ്യമായി ഉണ്ടാക്കിയത്. അന്ന് ഒരു ജില്ലയ്ക്കു കുറഞ്ഞത് 640 സ്കയർ കി. മീറർ എങ്കിലും വിസ്തീർണ്ണം ഉണ്ടായിരിക്കണമെന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഭാരതം സ്വതന്ത്രമായികഴിഞ്ഞ് പല ജില്ലകളും പഞ്ചായത്തുകളുമൊക്കെ പുതിയതായി ഉണ്ടായി. അടിസ്ഥാനപരമായി ഇതേപ്പററിയുള്ള സമീപനം എന്താണ്, എങ്ങനെയാണ് വീക്ഷണം ചെയ്യേണ്ടത്, എന്ത് അടിസ്ഥാനത്തിലാണ് ചിന്തിക്കേണ്ടത് എന്നുള്ളതിനെപ്പററി വ്യക്തമായ കാഴ്ചപ്പാടില്ലെന്ന് ആമുഖമായി പറയാനാഗ്രഹിക്കുകയാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രപര

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള പശ്ചാത്തലം എടുത്തു നോക്കുകയാണെങ്കിൽ മൂന്നു മേഖല യായിട്ടാണ് തിരിച്ചിരിക്കുന്നത്. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായിട്ടാണ് തിരിച്ചിരിക്കുന്നത്. ഇതിനെല്ലാം അതിന്റേ തായ വ്യത്യാസമുണ്ട്. മലനാടിന്റെ ജനസാന്ദ്രത എത്രയാണ് 100 സ്കയർ കി. മീറ്റർ ആണെങ്കിൽ അവിടത്തെ കാർഷിക വിഭവങ്ങളും മറ്റുള്ള മേഖലകളിൽനിന്ന് വ്യത്യാസമ ണെങ്കിൽ അവിടത്തെ മണ്ണ് മറ്റുള്ള മേഖലകളിൽനിന്ന് വ്യത്യാസമുണ്ടെങ്കിൽ മധ്യ ഇടനാടും തീരപ്രദേശത്തും അതുപോലെ വ്യത്യാസമുണ്ട്. ഭൂമിശാസ്ത്രപരമായ വ്യത്യാസം പല മേഖലകളിലുമുണ്ട്. അതുപോലെതന്നെയാണ് പ്ലാനിംഗ് കമ്മിഷന്റെ ആവിർഭാവം. പ്ലാനിങ്ങ് കമ്മിഷന്റെ ആവിർഭാവത്തോടുകൂടി വികസന ത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് കൂടുതൽ പദ്ധതികളും ആവിഷ്കരിച്ചു. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികളുണ്ട്. ഇതിന്റെയെല്ലാം ആവിഷ്കരണം വരുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ല് ഇന്ന് പാസ്സാക്കികഴിഞ്ഞിരിക്കുകയാണ്. വെള്ളോടി കമ്മിഷൻ റിപ്പോർട്ട് എല്ലാവർക്കും അറിയാവുന്ന റിപ്പോർട്ടാണ്. പ്രായോഗിക തലത്തിൽ വരുമ്പോൾ ബ്ലോക്കുകളും താലൂക്കുകളും തമ്മിൽ യാതൊരു ബന്ധവുമില്ല. പഞ്ചായത്തുകളും ബ്ലോക്കുകളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ വിധത്തിൽ ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ ഇംപ്ലിമെന്റേഷൻ വരുമ്പോൾ ബുദ്ധിമുട്ടുകൾ വരും. ബ്ലോക്കുകളും താലൂക്കുകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പഠിക്കു കയും പുന:സംവിധാനം ഉണ്ടാക്കുകയും വേണം. 57 താലൂക്കു കളും 144 ബ്ലോക്കുകളും 11 ഡിസ്ട്രിക്റ്റുകളും 1300–ൽ ചിലപ്പോൾ വില്ലേജുകളുമാണ് കേരളത്തിലുള്ളത്. ഒരു വില്ലേജ് എടുത്താൽ, വില്ലേജ് ആഫീസർക്ക് രണ്ടോ നാലോ ദിവസം ഒരാഴ്ച പോയി വിവരം ശേഖരിച്ചു വരാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലന്റേയും ശ്രീ. വാമദേവന്റേയും പ്രസംഗം ഞാൻ സശ്രദ്ധം കേൾക്കുകയായിരുന്നു. കുറ്റങ്ങളും പലതും പറയാ നുണ്ട്. ഭരണസംവിധാനത്തിൽ വില്ലേജ് ലെവലിലും താലൂക്ക് ലെവ ലിലും ഒരു കടലാസ് അയച്ചിട്ട് വിവരം ശേഖരിച്ചു വരണമെങ്കിൽ, വിധവകൾക്ക് പെൻഷൻ കൊടുക്കണമെന്നുണ്ടെങ്കിൽ, വില്ലേജിലെ വിവരം ശേഖരിച്ചു കിട്ടണമെന്നുണ്ടെങ്കിൽ ഇന്നുള്ള ഭരണക്രമത്തിൽ, ഭരണസംവിധാനത്തിൽ മാറ്റം വരുത്തണം. ഇതേപ്പറ്റിയൊക്കെ വളരെ ദീർഘമായി പറയണമെന്നുണ്ട്. ഒരു കാര്യം ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. The State Government has been, for sometime past, actively, from time to time, considering the question of evolving an appropriate frame work for initiating plan formulation from the grass root level. ഇത് അടിസ്ഥാനപരമായ ഗവൺമെന്റിന്റെ സമീപനമാണ്. ആ സമീപനം ഉണ്ടെങ്കിൽ അതിനുള്ള സംവിധാനം കൂടി ഉണ്ടാകണം. അവിടെയാണ് പുന:സംവിധാനം വേണമെന്ന് ഞാൻ വാദിക്കുന്നത്. ഇല്ലെന്നുണ്ടെങ്കിൽ ഇതുപോലെ മുദ്രാവാക്യമായി മുഴങ്ങുക മാത്രമേ യുള്ളൂ. എന്താണ് ക്രൈറ്റീരിയ? ഒരു താലൂക്കിന്റെ ക്രൈറ്റീരിയ എന്താണ്? ഒന്നുരണ്ട് കണക്ക് ആ കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ വിസ്തീർണ്ണം 1,884 സ്കയർ കിലോമീറ്ററാണ്. ഏറ്റവും ചെറിയ ജില്ലയാണ്. അതേ സമയം ഇടുക്കി ജില്ലയ്ക്ക് 5087 സ്കയർ കിലോ മീറ്ററാണ് വിസ്തീർണ്ണം. കൊടുങ്ങല്ലൂർ താലൂക്കിന് 73 സ്കയർ കിലോമീറ്റർ മാത്രമേ വിസ്തീർണ്ണമുള്ളൂ. അമ്പലപ്പുഴ താലൂക്കിന് 172 സ്കയർ കിലോമീറ്റർ വിസ്തീർണ്ണം; ഏറനാട് താലൂക്കിന് 2,261 സ്കയർ കിലോമീറ്റർ വിസ്തീർണ്ണം; പത്തനംതിട്ട താലൂക്കിന്

LIBRARY ARCHIVES Kerala Legislative Assembly

1,993 സ്കയർ കിലോമീറ്റർ ആണ്. ഇതിനകത്ത് വിസ്തീർണ്ണം ഒരു ക്രൈറ്റീരിയ അല്ല. താലൂക്കുകളുടെ നമ്പർ എടുക്കാം. നാലു താലൂക്കുള്ള ഡിസ്ട്രിക്റ്റുകളുണ്ട്; 5 താലൂക്കുള്ള ഡിസ്ട്രിക്റ്റുണ്ട്; 7 താലൂക്കുള്ള ഡിസ്ട്രിക്റ്റുണ്ട്. പോപ്പുലേഷൻ എടുക്കാം. ഏറ്റവും കുറഞ്ഞത് ഇടുക്കി ജില്ലയാണ് 7.67 ലക്ഷം. അതേ സമയം കൊടുങ്ങല്ലൂർ താലൂക്ക് എടുത്താൽ 1.12 ലക്ഷമാണ്. കുട്ടനാട്ടിൽ 1.87 ലക്ഷമാണ്. അതേസമയം കൊല്ലം താലൂക്ക് എടുത്താൽ അവിടത്തെ പോപ്പുലേഷൻ 7 ലക്ഷത്തോളം വരും. അപ്പോഴും ഇതിനകത്ത് പോപ്പുലേഷനും ഒരു ക്രൈറ്റീരിയ അല്ല. ജില്ലകളുടേയും മറ്റും രൂപീകരണത്തിന് ഏതെങ്കിലും ഒരു ക്രൈറ്റീരിയ അടിസ്ഥാനപരമായ പ്രശ്നമാണ്. ഞാൻ അതിനെ കാണുന്നത് വേറൊരു കാഴ്ചപ്പാടിൽ കൂടിയാണ്. പദ്ധതിയുടെ പ്ലാനിങ്ങിന്റെ മേഖലയിൽ ഈ ഡിസ്ട്രിക്റ്റിനേയും വില്ലേജിനേയും കൊണ്ടുവരണമെന്നുണ്ടെങ്കിൽ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ വരുത്തണം. ഇവിടെ പല റിപ്പോർട്ടുകളുമുണ്ട്. അതിലേക്ക് കടക്കുന്നില്ല. നാലാം പദ്ധതിയിൽ അതിന്റെ ഡ്രാഫ്റ്റ് പ്ലാനിനകത്തു എഴുതിവച്ചിട്ടുണ്ട്; റീജിയണൽ ഡിസ്പാരിറ്റി മാറ്റുകയെന്നുള്ളതാണ് ഇതിന്റെ മുഖ്യമായ ലക്ഷ്യമെന്ന്. റീജിയണൽ ഡിസ്പാരിറ്റി എന്നു പറയുമ്പോൾ ഭൂമിശാസ്ത്രപരമായ വ്യത്യാസമുണ്ട്. അതുപോലെതന്നെ ഓരോ ജില്ലയും ഓരോ താലൂക്കും തമ്മിലുള്ള വ്യത്യാസം; പോപ്പുലേഷൻവൈസും വിസ്തീർണ്ണവും ആയിട്ടുമൊക്കെയുള്ള വ്യത്യാസം എന്നിവ മാറ്റിയില്ലെങ്കിൽ പലയിടത്തും ബുദ്ധിമുട്ടുണ്ടാകും. ഒരു ജില്ലയിലെ അതേ പോപ്പുലേഷൻ തന്നെയല്ല വേറൊരു ജില്ലയിൽ; അവിടെ നാലിരട്ടി പോപ്പുലേഷൻ ഉണ്ടാകും. കൊല്ലത്ത് 24 ലക്ഷം പോപ്പുലേഷനുണ്ട്. ഇടുക്കി ജില്ലയ്ക്കും മലപ്പുറം ജില്ലയ്ക്കും കിട്ടുന്ന അതേ വിഹിതം കൊല്ലം ജില്ലയ്ക്ക് കിട്ടിയാൽ ബുദ്ധിമുട്ടുണ്ട്. 24 ലക്ഷം പോപ്പുലേഷനും 4,624 സ്കയർ കിലോമീറ്റർ വിസ്തീർണ്ണവുമുള്ള ആ പ്രദേശത്ത്—മലനാടും ഇടനാടും തീരപ്രദേശവുമായി കിടക്കുന്ന പ്രദേശത്ത്—വികസന പദ്ധതികൾ വരുമ്പോൾ പ്രായോഗികതലത്തിൽ ഈ പദ്ധതി പല മേഖലയിലും എത്തുന്നില്ല. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടിലും പല മേഖലകളിലും ബാക്കുവേർഡനസ് ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെ കാരണം എന്താണ്. അടിസ്ഥാനപരമായ നമ്മുടെ സമീപനത്തിൽ മാറ്റം വരുത്തണം. പത്തനംതിട്ട താലൂക്ക് 1,993 സ്കയർ കിലോമീറ്ററാണ്. പത്തനാപുരം താലൂക്ക് 1,323 സ്കയർ കിലോമീറ്ററാണ്. ഈ രണ്ടു താലൂക്കുകൾ മാത്രം എടുത്താൽ 9 ലക്ഷത്തോളം പോപ്പുലേഷനുണ്ട്. വികസനപദ്ധതികൾ വരുമ്പോൾ, വ്യാവസായിക മേഖലകളിൽ വികസനം വരുമ്പോൾ, ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ വികസനം വരുമ്പോൾ, ബ്ലോക്കുകളിൽ വികസനം വരുമ്പോൾ ബുദ്ധിമുട്ടു വരും അവിടെയാണ് റീ ഓർഗനൈസേഷന്റെ ആവശ്യമുണ്ടെന്ന് ഞാൻ പറയുന്നത്. ഈ ജില്ലകളെ പുനഃസംഘടിപ്പിക്കണം. പത്തനംതിട്ട കേന്ദ്രമാക്കി ഒരു ഡിസ്ട്രിക്റ്റ് ഉണ്ടാകണം. ഇല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ആ മേഖലയിൽ വ്യവസായം ഇല്ല. ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ വികസനം ആ മേഖലയിലേക്ക് കടക്കുന്നില്ല. കാരണം, ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ ബുദ്ധിമുട്ടാണ്. ഇടുക്കി ജില്ലയുടെ രൂപീകരണത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നപ്പോൾ കാളീശ്വരന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി പലപ്പോഴും നാം പറയാറുണ്ട്. സാമ്പത്തികബാദ്ധ്യതയെപ്പറ്റി പറയുമ്പോൾ ഒരു വാക്ക് പറയാനാഗ്രഹിക്കുകയാണ്. ഇതിനകത്ത് ഫൈനാൻഷ്യൽ കമ്മിറ്റുമെന്റ് എന്നു പറഞ്ഞ് കാളീശ്വരനേറയും

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തെ റവന്യു സെക്രട്ടറിയുടേയും റിപ്പോർട്ടുണ്ട്. ഡിസ്ട്രിക്ടിനു വേണ്ടി റിപ്പോർട്ടിൽ 15 ലക്ഷത്തിന്റെ ചെലവുമാത്രമേയുള്ളു. സമഗ്രമായ റിക്കറിംങ്ങ് എക്സ്പെൻറിച്ചർ വരുന്നത് 15 ലക്ഷം രൂപയാണ്. കണ്ടിൻജൻസി എക്സ്പെൻറിച്ചർ മൂന്നുലക്ഷം. 18 ലക്ഷം രൂപയുടെ ചെലവുമാത്രമാണ് ഇടുക്കി ജില്ലക്ക് ഉള്ളത്. ആധികാരികമായ രേഖയാണ്. ജില്ല ഉണ്ടാക്കണമെന്നു പറയുമ്പോഴും 10 കോടിരൂപ വരും, 4 കോടി രൂപ വരും. താലൂക്ക് ഉണ്ടാക്കണമെന്നതിന് 3 ലക്ഷം രൂപ വരും എന്ന് പറയുന്നത് ശരിയല്ല. ആധികാരികമായ റിപ്പോർട്ടാണ് പറഞ്ഞത്. 15 ലക്ഷത്തിനു താഴെമാത്രമാണ് ഇടുക്കി ജില്ല ഉണ്ടാക്കാനുള്ള ഫൈനാൻഷ്യൽ കമ്മിറ്റ്മെൻറ്. ബഡ്ജറ്റിൽ വെറും 5 ലക്ഷം രൂപ വകകൊള്ളിച്ചാൽ മതിയെന്ന് കാളീശ്വരന്റെ റിപ്പോർട്ടുണ്ട്. ജില്ല ഉണ്ടാക്കണമെന്ന് പറയുമ്പോഴും ഗവൺമെൻറിന് വലിയ കമ്മിറ്റ്മെൻറ് ആകുമെന്ന തെറ്റിദ്ധാരണയുണ്ട്. അതേസമയത്ത് 9 ലക്ഷം ജനങ്ങൾക്കും വികസനം എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. അവിടെയാണ് ജനസേവനമെന്നു പറയുന്നത്; അവിടെയാണ് ജനങ്ങൾക്ക് പ്രയോജനം കിട്ടുന്നത്. പത്തനംതിട്ട കേന്ദ്രമാക്കി ഡിസ്ട്രിക്ട് ഉണ്ടാക്കണം, താലൂക്ക് പുനഃസംവിധാനം ചെയ്യണം. കോഴഞ്ചേരി, റാന്നി, പത്തനാപുരം താലൂക്കുകളും ഉണ്ടാക്കിയാൽ മലനാട് മേഖല, ഏതാണ്ട് മൂവായിരം സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശം, വികസിക്കുന്നതിനും സാധിക്കും. അതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണം. ഇന്ന് പശ്ചിമഘട്ടവികസന അതോറിറ്റിയെന്നു പറഞ്ഞ് കേന്ദ്രഗവൺമെൻറിന്റെ ഒരു പദ്ധതിയുണ്ട്. അതിൽ ഈ മേഖലകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട ഉണ്ട്, പക്ഷേ വികസനം ഈ മേഖലയിൽ വന്നിട്ടില്ല. ഇത് റീജിയണൽ ഡിസ്പാരിറ്റി കൂടുതലുണ്ടാക്കുന്നതിന് ഇടവരുത്തുന്നുണ്ട്. ഇതപ്പറ്റി ഗവൺമെൻറ് പ്ലാനിംഗ് കമ്മീഷന്റെ പദ്ധതിയിൽ പറഞ്ഞിട്ടുള്ള അതേ സമീപനത്തോടുകൂടി കാണണം, താലൂക്കുകളേയും ജില്ലകളേയും പുനഃസംവിധാനം ചെയ്തുകൊണ്ട് പുതിയ ജില്ലക്ക് രൂപം കൊടുക്കണം; താലൂക്ക് ഉണ്ടാക്കണം. അങ്ങനെ ബ്ലോക്കുകളും താലൂക്കുകളും ബന്ധപ്പെടുത്തി വികസനപദ്ധതിയും വികസനപ്രവർത്തനവും താലൂക്ക്–വില്ലേജ് ഗ്രാസ്റൂട്ട് ലെവലിലോക്ക് കടന്നുവരുന്നതിനുള്ള സമീപനം ഉണ്ടാക്കണം. അതിന് ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് അത് പഠിച്ച് എത്രയും വേഗം ഒന്നുരണ്ടു മാസത്തിനകം–അതിനുള്ള വ്യക്തമായ തീരുമാനം എടുക്കണം. പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. വി.ടി. സെബാസ്റ്റ്യൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. അനേക വർഷങ്ങളായി നമ്മുടെ രാജ്യത്ത് താലൂക്കുകളും വില്ലേജുകളും രൂപീകരിച്ചിട്ട്. ജനസംഖ്യ വർദ്ധിച്ചു; മലയോര പ്രദേശങ്ങളിലേക്ക് ജനങ്ങൾ കുടിയേറിപ്പാർത്തു. താലൂക്കുകളും വില്ലേജുകളും രൂപീകരിച്ചു. വനമായി കിടന്നിരുന്ന പ്രദേശങ്ങൾ ഇന്ന് ജനവാസയോഗ്യമായി മാറി. ഈ പരിതഃസ്ഥിതിയിൽ മലയോര പ്രദേശങ്ങളിലുള്ള താലൂക്കുകളും വില്ലേജുകളും ജില്ലകളും എല്ലാം വളരെ വിസ്തൃതമായിരിക്കുകയാണ്. പഴയ കാലത്തേക്കാൾ കൂടുതലായി ഇന്ന് വില്ലേജ് ആഫീസുകളേയും താലൂക്കാഫീസുകളേയും ജനങ്ങൾക്ക് സമീപിക്കേണ്ടതായിരിക്കുന്നു. വിദ്യാഭ്യാസാനുകൂല്യം ലഭിക്കണമെങ്കിൽ, വരുമാന സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ, പ്രകൃതിക്ഷോഭം ഉണ്ടാകുകയാണെങ്കിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടാൽ പുതുക്കി വാങ്ങിക്കണമെങ്കിൽ, ഇങ്ങനെ പല രീതിയിലുള്ള ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട താലൂക്ക് ആഫീസുകളേയും വില്ലേജ് ആഫീസുകളേയും സമീപിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. മലയോര പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങളിൽ യാത്രാ സൗകര്യം ഇല്ല. ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. വേഗം എത്തിച്ചേരുന്നതിനുവേണ്ടി ഇതിന്റെ വിസ്തീർണ്ണം കുറയ്ക്കുകയും നമ്പർ വർദ്ധിപ്പിക്കുകയും ചെയ്യേണ്ട താവശ്യമാണ്. മലയോരപ്രദേശങ്ങളിൽ നാലും അഞ്ചും പഞ്ചായത്തുകൾ കൂട്ടിച്ചേർത്താണ് ഒരു റവന്യൂ വില്ലേജ് ഇപ്പോൾ നിലനിൽക്കുന്നത്. അതേ സമയത്ത് കേരളത്തോടു കൂട്ടിച്ചേർക്കപ്പെട്ട മലബാറിലെ തീരപ്രദേശങ്ങളിൽ, ഒരു പഞ്ചായത്തിൽ രണ്ടും മൂന്നും വില്ലേജുകളുണ്ട്. നമ്മുടെ രാജ്യത്ത് വില്ലേജുകളുടേയും പഞ്ചായത്തുകളുടേയും എണ്ണത്തിൽ വലിയ വ്യത്യാസമില്ല. ജില്ലാ പരിഷത്ത് ബിൽ പാസ്സായിരിക്കുന്ന സാഹചര്യത്തിൽ ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്നുള്ള രീതിയിൽ മാറ്റിയാൽ ജനങ്ങൾക്ക് സൗകര്യമാകും. കൂടുതൽ സ്റ്റാഫിനെ വയ്ക്കേണ്ട ആവശ്യം വില്ലേജ് രൂപീകരണത്തിൽ ഉണ്ടാകുകയില്ലെന്നാണ് എന്റെ അഭിപ്രായം. താലൂക്ക് രൂപീകരണത്തിനാണെങ്കിലും ശരി ബ്ലോക്കുകളും താലൂക്കുകളുമെല്ലാം വിഭിന്നമായി പ്രവർത്തിക്കുന്നുണ്ട്. അത് ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. അല്ലെങ്കിൽ താലൂക്കിലുള്ള സ്ട്രെങ്ത് കുറച്ചുകൊണ്ടായാലും ശരി ഭരണച്ചെലവ് വർദ്ധിക്കാത്ത രീതിയിൽ ജനങ്ങളുടെ ബുദ്ധിമുട്ടും കഷ്ടപ്പാടുകളും യാത്രാക്ലേശവും പരിഗണിച്ചുകൊണ്ട് ഇന്നുള്ള താലൂക്കുകളും അതുപോലെതന്നെ അത്യാവശ്യം വേണ്ട ജില്ലകളും രൂപീകരിച്ചുകൊണ്ട് ജനങ്ങൾക്ക് കുറേക്കൂടി സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ പ്രമേയത്തെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. കുര്യൻ:</u> എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

''പ്രമേയത്തിൽ ''കമ്മിറ്റിയെ നിയോഗിക്കണമെന്ന്'' എന്ന ഭാഗം എടുത്തു കളഞ്ഞ് അതിനുപകരം ''കമ്മിറ്റിയെ നിയോഗിച്ച് റിപ്പോർട്ടു വരുത്തി എത്രയും വേഗം അതു നടപ്പാക്കണമെന്ന്'' എന്ന് ചേർക്കണം''.

ഈ പ്രമേയത്തോട് ഞാൻ യോജിക്കുകയാണ്. പ്രമേയാവതാരകൻ ഡോക്ടർ ജോർജ് മാത്യു പ്രസംഗിച്ചു വന്നപ്പോൾ കൊല്ലത്തേയ്ക്ക് മാത്രമായി ചുരുങ്ങിപ്പോയി എന്നുള്ള പരാതിയാണുള്ളത്. കൊല്ലം ജില്ലയെ തിരിക്കണം, കൊല്ലത്തുള്ള ചില താലൂക്കുകൾ പുനർവിഭജനം നടത്തണമെന്നു പറഞ്ഞു ചുരുങ്ങിപ്പോയി. എന്നാൽ നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഇത്തരം ഒരു പരിശോധന ആവശ്യമാണെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. 1955-നു ശേഷം ഒരു പക്ഷേ ഈ സംസ്ഥാനത്ത് താലൂക്ക് പുതുതായി സംഘടിപ്പിച്ചത് എന്റെ ഓർമ്മ ശരിയാണെങ്കിൽ കോതമംഗലം താലൂക്ക് മാത്രമാണ്. പുതിയ ഇടുക്കി ജില്ല വന്നപ്പോൾ പരേതനായ ശ്രീ. കെ. എം. ജോർജ് പ്രത്യേകം താൽപ്പര്യം എടുത്തതുകൊണ്ടോ എന്തോ അങ്ങനെയൊരു പുതിയ താലൂക്ക് വന്നു. നമ്മുടെ സംസ്ഥാനത്ത് 1967-ൽ അന്നത്തെ ഗവൺമെന്റ് ഈ താലൂക്കുകളും അതുപോലെ ബ്ലോക്കുകളും എന്ന രണ്ടു തട്ടിലുള്ള സംവിധാനത്തിന്റെ ആവശ്യമില്ല, അതേക്കുറിച്ചു ഒരു പരിശോധന നടത്തണമെന്നുവച്ച് വെള്ളോടി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി വച്ച് അദ്ദേഹം സമർപ്പിച്ച ശുപാർശയുണ്ട്. ആ ശുപാർശയിൽ കൂടുതലുള്ള ബ്ലോക്കുകളുടെ എണ്ണം ചുരുക്കുകയും, സുമാർ 70-ൽ പരം താലൂക്കുകളാണുള്ളത്, അതു കൂട്ടുകയും ചെയ്തു—താലൂക്കുകളും ബ്ലോക്കുകളും ചേർത്ത്

LIBRARY ARCHIVES Kerala Legislative Assembly

100-ഓളം വരുന്ന പുതിയ യൂണിറുകൾ രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞിട്ട് പത്തു പന്ത്രണ്ടു വർഷമായി. പല പ്രാവശ്യം ഈ നിയമസഭാതലത്തിൽ താലൂക്ക് ബ്ലോക്കുകളുടെ പുനഃസംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അതിന് മന്ത്രിമാർ ഒഴുക്കൻ മട്ടിൽ എല്ലായ്പ്പോഴും മറുപടി പറയുകയും ചെയ്തിട്ടുണ്ട്. ഡോക്ടർ ജോർജ് മാത്യു ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങളാകെ പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. ജില്ലകളേയും താലൂക്കുകളേയും സംബന്ധിച്ച് ജനസംഖ്യയുടേയും ഭൂമിശാസ്ത്രപരമായ കിടപ്പിന്റേയും കാര്യങ്ങളും പരിശോധിച്ചുകൊണ്ട് ഒരു പുനഃപരിശോധന നടത്തേണ്ട കാലം വൈകിയിരിക്കുന്നു. ഇതിന് പത്തു മുപ്പതു വർഷത്തെ പഴക്കമുണ്ട്. അന്നത്തെ സാഹചര്യമല്ല ഇന്നുള്ളത്. അന്നത്തേക്കാളും കൂടുതൽ ജനസംഖ്യ വർദ്ധിച്ചിരിക്കുകയാണ്. പല പ്രദേശങ്ങളിലും വികസനപരമായ ആവശ്യങ്ങളും നടത്തുന്നതിന് തങ്ങൾക്ക് സമീപിക്കേണ്ട കേന്ദ്രങ്ങളിൽ എത്തുന്നതിന് പ്രയാസമായിത്തീർന്നിട്ടുണ്ട്. ഇതു ആർക്കും നിഷേധിക്കാൻ വയ്യാത്ത കാര്യങ്ങളാണ്. പലപ്പോഴും ഗവൺമെന്റ് തലത്തിൽ ഇതിന് മറുപടി പറയുന്നത് ഇതിനു വേണ്ടിവരുന്ന സാമ്പത്തികമായ ചെലവിനെക്കുറിച്ചാണ്. ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷമാണെങ്കിൽ ഇപ്പോഴും അങ്കമാലിയിൽ ഒരു താലൂക്കു വേണമെന്നു അവിടത്തെ 100 ശതമാനം ജനങ്ങളും പറയുകയാണെങ്കിൽ, റാന്നിയിൽ ഇതുപോലെ താലൂക്കു വേണമെന്നു അവിടത്തെ ജനങ്ങളും അഭിലഷിക്കുകയാണെങ്കിൽ അത് അംഗീകരിച്ച് അതു രൂപീകരിക്കാനുള്ള നടപടി എടുക്കണം. പിന്നെ ചൂണ്ടിക്കാണിക്കുന്നത് ചെലവു വരുന്ന പ്രശ്നമാണെങ്കിൽ വികസന പ്രവർത്തനങ്ങളുടെ ചെലവ് അൽപ്പം വെട്ടിച്ചുരുക്കേണ്ടി വരും. ഒരു പ്രദേശത്തെ ജനങ്ങളുടെ ഒട്ടാകെയുള്ള ഉൽക്കടമായ ആഗ്രഹം അതാണെങ്കിൽ അതു പരിഗണിച്ചുകൊണ്ട് അതുണ്ടാക്കണം. വയനാട് ജില്ല രൂപീകരിക്കണം എന്നുള്ളത് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. അതിനുള്ള സബ് ഡിവിഷൻ ആയികഴിഞ്ഞു. പത്തനംതിട്ട ഒരു പുതിയ ജില്ല വേണമെന്നുള്ള അഭിപ്രായമുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ട് ആകെ സമഗ്രമായി പരിശോധിച്ച് നീട്ടിക്കൊണ്ടു പോകാതെ ഒരു തീരുമാനമെടുക്കണം. പ്രത്യേകമായി പറയാനുള്ളത്, ജില്ലാ പുനഃസംവിധാനത്തോടൊപ്പം ബ്ലോക്കും താലൂക്കും എന്നുള്ള രണ്ടു തട്ട് ഏകോപിപ്പിച്ച് ഒരു തട്ടാക്കി അതിനു ഒരു പുനഃസംവിധാനം നടത്തിയാൽ കാര്യങ്ങളും കുറേക്കൂടി കാര്യക്ഷമമായി നടക്കുമെന്നാണ്. പ്രത്യേകിച്ച് ജില്ലാ ഭരണബില്ലിൽ താലൂക്ക് സമിതികളും എന്നുള്ള ഒരു സമ്പ്രദായം നാം വിഭാവനം ചെയ്തിട്ടുണ്ട്. അതിനു സഹായകരമായ വിധത്തിൽ ഇത്തരത്തിൽ ഒരു പരിശോധന ആവശ്യമാണ്. ഡോക്ടർ ജോർജ് മാത്യു നിർദ്ദേശിച്ചിരിക്കുന്നത് ഇതിനു ഒരു കമ്മിഷനെ വയ്ക്കണമെന്നാണ്. കമ്മിഷനെ വച്ചാൽ കുറേ കാലം പിടിക്കും. കഴിഞ്ഞ കാലത്തു വച്ചിട്ടുള്ള കമ്മിഷനുകളുടെ അനുഭവം നമുക്കറിയാം. അതുകൊണ്ട് ഈ കമ്മിഷൻ എന്നുള്ള നിർദ്ദേശം പിൻവലിച്ചുകൊണ്ട് ഈ ഗവൺമെന്റ് സത്വരമായി അതിന് ഒരു തീരുമാനമെടുക്കണമെന്നു നിർദ്ദേശിക്കുന്നതായിരിക്കും ഭംഗി. അതു കഴിയുമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ താൽപ്പര്യത്തെ പൊതുവായി സ്വാഗതം ചെയ്തുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: സർ, ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

''പ്രമേയത്തിൽ 'പുനർനിർണ്ണയം ചെയ്യുന്നതിന്' എന്നു കഴിഞ്ഞ് 'ഗവൺമെൻറിൻെറ സാമ്പത്തിക നില കൂടി കണക്കിലെടുത്ത്' എന്നു കൂടി ചേർക്കുക''.

ഈ പ്രമേയത്തിൻെറ സ്പിരിറ്റിനോട് എനിക്ക് യോജിപ്പുണ്ട്. പക്ഷേ പ്രമേയാവതാരകൻ ഇവിടെ സംസാരിച്ച അവസരത്തിൽ പുതുതായി രൂപീകരിച്ച ജില്ലകളെ കുറിച്ചു പരാമർശിച്ചു. അതിൻെറ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ പുതിയ ജില്ലകൾ രൂപീകരിക്കുന്നതിൽ സഹതാപം തോന്നുന്നു. കാരണം വർഷങ്ങൾക്കു മുമ്പ് ദിവംഗതരായ ശ്രീ. കെ. ടി. ജേക്കബിൻേറയും ശ്രീ. കെ. എം. ജോർജിൻേറയും ഒക്കെ ശ്രമങ്ങളുടെ ഫലമായിട്ട് രൂപം കൊണ്ട ഇടുക്കി ജില്ല ഇപ്പോൾ വളരെ കഷ്ടപ്പെടുകയാണ് എന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പുതിയ ജില്ലകളോ പുതിയ താലൂക്കുകളോ രൂപീകരിച്ചതുകൊണ്ടുമാത്രം വികസനപ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനോ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനോ കഴിയുകയില്ല. കഴിയുന്നിടത്തോളം ഒരു ചെറിയ യൂണിറ്റാണ് നല്ലതെന്നുള്ള പൊതുതത്വം അംഗീകരിക്കുന്നതോടൊപ്പം അതിന് വെള്ളോടി കമ്മിഷൻെറ ശുപാർശയിൽ പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കണം. ഈ അസംബ്ലിയിൽ ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബിൽ പാസാക്കി. അപ്പോൾ ജില്ലയിലെ വികസന പ്രവർത്തനങ്ങൾ ബ്ലോക്കുകളിലാണെങ്കിലും ശരി താലൂക്കുകളിലാണെങ്കിലും ശരി വിവിധ ഡിപ്പാർട്ടുമെൻറുകളെ യോജിപ്പിച്ചുകൊണ്ട് പറഞ്ഞ രീതിയിൽ നടത്തണമെങ്കിൽ ഒരു പുനർവിഭജനം ആവശ്യമാണ്. അതുകൊണ്ട് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത് നമ്മുടെ ചില താലൂക്കുകളെ സംബന്ധിച്ചിടത്തോളം ഒരു പുനർവിഭജനം ആവശ്യമാണെന്നാണ്. ഉദാഹരണമായി പറഞ്ഞാൽ ദേവികുളം ബ്ലോക്ക് ആലപ്പുഴ ജില്ലയെക്കാൾ വളരെ വലുതാണ്. അതുപോലെ പീരുമേട് ബ്ലോക്കും ആലപ്പുഴ ജില്ലയേക്കാൾ വളരെ വലുതാണ്. ജനസംഖ്യയിൽ കുറവായിരിക്കാം. പത്തനംതിട്ട ഒരു ജില്ലയാക്കണമെന്ന ചിന്താഗതി അവിടത്തെ ജനങ്ങൾക്കുണ്ട്. അതുപോലെ റാന്നി ഒരു താലൂക്കാക്കണമെന്ന് അവിടത്തെ ജനങ്ങൾ വളരെ വർഷങ്ങളായി മുറവിളി കൂട്ടുകയാണ്. കണ്ണൂരിലാണെങ്കിൽ ഇരിട്ടി താലൂക്ക് വേണമെന്നു പറയാൻ തുടങ്ങിയിട്ട് കാലം വളരെയായി. പട്ടാമ്പിയിലും ഇതുപോലുള്ള പ്രശ്നമുണ്ട്. എന്നാൽ ഈ പ്രമേയം പാസാക്കിയാൽ ഓരോ പ്രദേശത്തേയും ജനങ്ങൾ പൊതുയോഗം കൂടി അവിടെയെല്ലാം ഓരോ താലൂക്ക് വേണമെന്ന് ആവശ്യപ്പെടാൻ ഇടയുള്ള രീതിയിൽ തെറ്റായ ആശ കൊടുക്കാൻ ഇടവരാത്ത രീതിയിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ട് ആവശ്യമായ പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങളെ മുൻനിറുത്തിക്കൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് പിന്തിക്കുന്നത് നന്നായിരിക്കുമെന്നു മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

''Delete the word 'ചെയ്യുന്നതിന്'' and insert the words 'ചെയ്തു റിപ്പോർട്ടു സമർപ്പിക്കുന്നതിന്''.

LIBRARY ARCHIVES Kerala Legislative Assembly

ഭാരതത്തിന്റെ സുസ്ഥിരതയ്ക്കും പുരോഗതിക്കും ഗ്രാമവികസനമാണ് അത്യന്താപേക്ഷിതമെന്നുള്ളത് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. ഗ്രാമങ്ങൾ വികസിക്കണമെങ്കിൽ ഭൂമിശാസ്ത്രപരമായ കിടപ്പും വിദ്യാഭ്യാസപരമായ മേൻമയും ഗതാഗതസൗകര്യങ്ങളും ഇതെല്ലാം നോക്കി അതിനു ഉതകുന്ന രീതിയിൽ ജില്ലകളും പ്രത്യേകം താലൂക്കുകളും വില്ലേജുകളും ഉണ്ടാക്കിയാൽ മാത്രമേ സാധിക്കുകയുള്ളു. വളരെ വർഷങ്ങൾക്കു മുമ്പ് ഇങ്ങനെയുള്ള പ്രത്യേക വിഭാഗമായി തരം തിരിച്ചിരിക്കുന്നതിൽ ഒരു പുനർനിർണ്ണയം ചെയ്യേണ്ടതു് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുകയാണ്. പല ഡിസ്ട്രിക്റ്റുകളും എടുത്തു നോക്കുകയാണെങ്കിൽ ആ ഡിസ്ട്രിക്റ്റിലുള്ള താലൂക്കുകളിൽ ചില താലൂക്കുകൾ വളരെയേറെ ജനസാന്ദ്രത കൂടിയതും വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്നതും നല്ല ഗതാഗതസൗകര്യമുള്ളതുമായി കാണാൻ സാധിക്കും. നേരെ മറിച്ച് മറ്റുള്ള താലൂക്കുകളിൽ ഇതൊന്നുമില്ലാത്ത ശോചനീയാവസ്ഥയിലുള്ള സ്ഥിതിയാണുള്ളത്. അതു മാറ്റണമെങ്കിൽ പലതും പ്രത്യേകമായി എടുത്തുകൊണ്ട് ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ വച്ചുകൊണ്ട് വിദ്യാഭ്യാസമേഖലയിലെ അന്തരം, ചെന്നുചേരാനുള്ള സഞ്ചാരസൗകര്യം, ജനസാന്ദ്രത ഇതെല്ലാം പരിഗണിച്ച് പ്രത്യേകമായി ഓരോ താലൂക്കുകളും വിഭജിക്കേണ്ടതു് ആവശ്യമാണ്. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ കാര്യം പറഞ്ഞു. ആ ബില്ലിന്റെ ശരിയായ പ്രവർത്തനം നടക്കണമെങ്കിൽ ഇങ്ങനെയുള്ള വിഭജനം അത്യന്താപേക്ഷിതമാണ്. ഇവിടെ ശ്രീ.സി.എ. കുര്യൻ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ബ്ലോക്കുകളിൽ ചെയ്യുന്ന പല പ്രവർത്തനങ്ങളും താലൂക്കുകളിൽ ചെയ്യുകയും താലൂക്കുകളിൽ ചെയ്യേണ്ടതു് ബ്ലോക്കുകളിൽ ചെയ്യുകയും ചെയ്യുന്ന ഇങ്ങനെയുള്ള ഓവർലാപ്പിംഗായിട്ടുള്ള പല സംഗതികളും നടക്കുന്നുണ്ട്. അതു മാറ്റിയാൽ ചെലവു കുറയ്ക്കുന്നതിനും സാധിക്കും. ഇതെല്ലാം പരിശോധിച്ച് ഇങ്ങനെയൊരു പുനർവിഭജനം ചെയ്യേണ്ടതു് അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

ശ്രീ. പി. കെ. ഇട്ടൂപ്പ്: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൽ ''പുനർനിർണ്ണയം ചെയ്യുന്നതിന്'' എന്നതിനു ശേഷം ''ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന്'' എന്നതിനു പകരം ''സത്വരനടപടികളെടുക്കണമെന്ന്'' എന്നു ചേർത്ത് പ്രമേയം പൂരിപ്പിക്കണം.

സർ, ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ആർക്കും തർക്കം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. റവന്യൂ മന്ത്രിക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന നിവേദനങ്ങളും, അദ്ദേഹത്തിന്റെമേൽ ചെലുത്തിക്കൊണ്ടിരിക്കുന്ന സമ്മർദ്ദങ്ങളും ഒഴിവാക്കുന്നതിനും ഡിസ്ട്രിക്റ്റ്, താലൂക്ക് ഇവകളുടെ വിഭജനം കഴിയുന്നതും നീട്ടിക്കൊണ്ടു പോകുന്നതിനും വേണ്ടിയുള്ള ഒരു ഗൂഢാലോചനയുടെ ഫലമായി കൊണ്ടുവന്ന ഒരു പ്രമേയമാണെന്ന് എനിക്കു തോന്നിപ്പോകുകയാണ്. കാരണം താലൂക്കുകളുടെ വിഭജന കാര്യത്തിൽ വർഷങ്ങളായി നിവേദനങ്ങളും പരാതികളും ലഭിച്ചുതുടങ്ങിയെന്നുള്ളത് ഒരു വസ്തുതയാണ്. താലൂക്കുകൾ വിഭജിക്കുന്ന കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ ഗവൺമെന്റിനു സാധിക്കാത്ത ഒരു സ്ഥിതിവിശേഷത്തിൽവരെ എത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇന്നു മന്ത്രിസഭയിലുള്ള പല മന്ത്രിമാരും അതിൽ നിന്നു പിരിഞ്ഞു പോയ മന്ത്രിമാരും തങ്ങളുടെ മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന താലൂക്കുകൾ വിഭജിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടതായി എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ മന്ത്രി അറിഞ്ഞില്ലെന്നു നടിച്ചുകൊണ്ടിരിക്കുകയാണെങ്കിലും കഴിഞ്ഞ വർഷം ഇതിനെ സംബന്ധിച്ച് ഒരു നിവേദനം നടത്താൻ ചെന്ന എനിക്കു കിട്ടിയ അറിവ് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ഹേമചന്ദ്രൻ എന്നോടു പറഞ്ഞത് ഞാനും ഒരു അപേക്ഷകനാണെന്നാണ്. ഇന്നത്തെ ധനകാര്യമന്ത്രിയും താലൂക്കു വിഭജനം വേണമെന്നും താലൂക്കു വിഭജിക്കണമെന്നും ആവശ്യപ്പെട്ടതായി എനീക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ പല സ്ഥലങ്ങളിൽ നിന്നും വിഭജനവും പുതിയ താലൂക്കുകൾ രൂപീകരണവും ആവശ്യപ്പെട്ടുകൊണ്ടു വന്നപ്പോൾ എളുപ്പത്തിൽ ഈ കാര്യങ്ങൾക്കു തീരുമാനമെടുക്കാൻ വയ്യാത്ത ഒരു പരിതഃസ്ഥിതി വന്നതുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രമേയം മൂലം ഒരു കമ്മിഷനെ നിയോഗിച്ച് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഒരു വിദ്യ പ്രയോഗിച്ചിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഒരു കമ്മിഷനെ നിയോഗിക്കാതെ തന്നെ താലൂക്കു വിഭജനവും, പുതിയ താലൂക്കിന്റെ രൂപീകരണവും ജില്ലയുടെ വിഭജനവുമെല്ലാം നടത്താനുള്ള സാഹചര്യം ഇന്നു നിലവിലുണ്ട്. എന്റെ അറിവു ശരിയാണെങ്കിൽ 1973-ൽ 70 താലൂക്കുകളിൽ നിന്നും പുതിയ താലൂക്ക് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നു. നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റിയിൽ താലൂക്കു വിഭജനത്തെ സംബന്ധിച്ച് വന്ന ഒരു പെറ്റീഷൻ, കമ്മിറ്റി അംഗീകരിച്ച് നിയമസഭയിൽ വയ്ക്കുകയും നിയമസഭ ആ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യം നിലവിലിരിക്കുമ്പോൾ ഇന്ന് പ്രമേയാവതാരകൻ ആവശ്യപ്പെട്ടിരിക്കുന്നത് ജനസംഖ്യ, വിസ്തീർണ്ണം,. വികസനം, റവന്യൂ വരുമാനം മുതലായവ കണക്കിലെടുത്ത് പുനർവിഭജനം നടത്തണമെന്നാണ്. ഞാൻ ചോദിക്കുകയാണ് ഈ വക കാര്യങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ഇന്ന് ഗവൺമെന്റിന്റെ പക്കലില്ലേ? ഈ കാര്യത്തെ സംബന്ധിച്ച് ഒരു പ്രത്യേക കമ്മീഷനെ നിയോഗിച്ച് ഒരു പ്രത്യേക റിപ്പോർട്ടിന്റെ ആവശ്യമെന്താണ്? ഇന്ന് ഗവൺമെന്റിന്റെ പക്കലുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റുള്ള സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലും താലൂക്കുകളേയോ ജില്ലകളേയോ വിഭജിക്കുന്നതിനും പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനും യാതൊരു തടസ്സവും ഉണ്ടാകുകയില്ല എന്നാണ് എന്റെ അഭിപ്രായം. വളരെ വിസ്തീർണ്ണമുള്ള താലൂക്കുകളുണ്ട്, ജനസംഖ്യ വളരെ കൂടുതലുള്ള താലൂക്കുകളുണ്ട് അതിന്റെ എല്ലാ വിവരങ്ങളും ഇന്ന് ഗവൺമെന്റിന്റെ പക്കലുണ്ട്. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തീരുമാനമെടുക്കാൻ വയ്യാത്ത പരിതസ്ഥിതി ഇന്നു വന്നിരിക്കുന്നു എന്നു തോന്നുകയാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു കമ്മിഷനെ നിയോഗിച്ച് പ്രശ്നം നീട്ടിക്കൊണ്ട് തൽക്കാലം പുനർവിഭജനം നടത്താത്ത സാഹചര്യം സൃഷ്ടിക്കണമെന്ന് ഗവൺമെന്റിന് ഉദ്ദേശമുള്ളതായി തോന്നുകയാണ്. അതുപോലെ ഭരണസൗകര്യത്തെ മുൻനിർത്തി ഇതിന്റെ പുനർവിഭജനം ആവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടെന്നു തോന്നുന്നില്ല. റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് ജോലി ഭാരം കൂടുതൽ വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് ഓരോ താലൂക്ക് ആഫീസർമാരോടും ജില്ലാ കളക്ടർമാരോടും അന്വേഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അടുത്ത ദിവസം നടന്ന റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പണിമുടക്ക്, ഈ സ്റ്റേറ്റിന്റെ പ്രവർത്തനം നിശ്ചലമാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ നടന്ന പണിമുടക്ക് അത് ഈ സഭയിലെ എല്ലാവർക്കും അറിയാവുന്നതാണ്. ഇങ്ങനെയുള്ള സ്ഥിതിവിശേഷം മാറുന്നതിന് വേണ്ടി വന്നാൽ താലൂക്കുകളും ഡിസ്ട്രിക്റ്റുകളും പുനർവിഭജനം ചെയ്യുന്നതിന് ഇന്നു നിലവിലുള്ള സ്ഥിതിവിവരക്കണക്കനുസരിച്ച് ഗവൺമെൻറ് സത്വരമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്കു പറയാനുള്ളത്. എൻറെ ഭേദഗതിയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ശ്രീ. എം. വി. രാജൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ 4-ാമത്തെ വരിയിൽ ''ചെയ്യുന്നതിന്'' എന്നതിനുശേഷം ''എത്രയും വേഗം'' എന്നു കൂടി ചേർത്ത് തുടരുക.

സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഇതിനെ അനുകൂലിച്ചു സംസാരിക്കുമ്പോൾ വയനാടിൻറെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. വടക്കേ വയനാട് ഇന്നുവരെയും പിന്നോക്ക ജില്ലയായിരിക്കുന്ന കണ്ണൂർ ജില്ലയിലായിരുന്നതുകൊണ്ട് പിന്നോക്ക ജില്ലയ്ക്കു കിട്ടിക്കൊണ്ടിരുന്ന ഒട്ടനവധി ആനുകൂല്യങ്ങൾ ആ പ്രദേശത്തെ കൃഷിക്കാർക്കും ആദിവാസികൾക്കും കുടിയേറ്റക്കാർക്കും കിട്ടിക്കൊണ്ടിരുന്നു. ഇന്ന് അത് കോഴിക്കോടു ജില്ലയിലായതുകൊണ്ട് ആ ആനുകൂല്യങ്ങളൊക്കെ ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി വടക്കേ വയനാടും തെക്കേ വയനാടും കൂട്ടിച്ചേർത്ത് ഇതൊരു പിന്നോക്ക ജില്ലയായി പ്രഖ്യാപിച്ചാൽ ഈ മലമ്പ്രദേശത്തിൻറെ ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. തീർച്ചയായും അത് അർഹിക്കുന്ന ഒരു പ്രദേശമാണ്. ആദിവാസികളും അതുപോലെതന്നെ കുടിയേറ്റക്കാരും താമസിക്കുന്ന ആ പ്രദേശം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ജില്ല വന്നാൽ മാത്രമേ അതിൻറെ വികസനം പൂർണ്ണമാകൂ. ഒരുദാഹരണം പറയാം. കോഴിക്കോടു ജില്ലയിലേയ്ക്ക് ഈ പ്രാവശ്യം സ്ക്കൂളുകൾ അനുവദിച്ചപ്പോൾ വയനാടിൻറെ കാര്യം തീരെ മറന്നു പോയി: ജില്ലയിൽ മാത്രമാണ് കൊടുത്തത്. ഇതു കണക്കിലെടുത്ത് ഇതൊരു ജില്ലയായി രൂപീകരിക്കണം. പ്രത്യേകിച്ചും ഇന്നു വയനാട്ടിലുള്ള അമ്മമാരൊക്കെ റവന്യൂ മന്ത്രി എന്നു പറയുമ്പോൾ വളരെ ഭയപ്പെട്ടിരിക്കുകയാണ്. കുട്ടികൾ കരയുമ്പോൾ വയനാട്ടിലുള്ള അമ്മമാർ കുട്ടികളുടെ കരച്ചിൽ തീർക്കുന്നതിന് റവന്യൂ മന്ത്രിയുടെ പേരു പറയുകയാണ്. റവന്യൂ മന്ത്രി വരുന്നുണ്ട് കരച്ചിൽ നിറുത്തണമെന്നു പറഞ്ഞാൽ കുട്ടികൾ ഉടനെ കരച്ചിൽ നിറുത്തും. അമ്മമാരുടെ ഭയപ്പാടു തീർക്കാൻ വേണ്ടി എങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഈ പ്രമേയത്തിൽ പറഞ്ഞ പരിഗണനകളൊന്നും കൂടാതെ ഇതൊരു പിന്നോക്ക ജില്ലയാണ്, ആദിവാസി ജില്ലയാണ് എന്നു പ്രഖ്യാപിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൻറെ 4-ാമത്തെ വരിയിൽ ''കമ്മിറ്റിയെ'' എന്നതിനു പകരം ''ഏകാംഗകമ്മിഷനെ'' എന്നു ചേർക്കണം.

സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പ്രത്യേകിച്ച് മലപ്പുറം ജില്ലയുടെ കിഴക്കൻ ഭാഗങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇവിടെ പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു മലയോര പ്രദേശമാണ്. മലപ്പുറം ജില്ലയിൽ ഏറനാടു താലൂക്കിൽ ഏഴര ലക്ഷത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളും അധിവസിക്കുന്നുണ്ട്. അതേയവസരത്തിൽ ഈ ജില്ലയിൽ ഒന്നര ലക്ഷം ജനങ്ങളും താമസിക്കുന്ന പൊന്നാനി താലൂക്കുമുണ്ട്. ജനസംഖ്യ കൊണ്ടും വിസ്തീർണ്ണം കൊണ്ടും വളരെ വലുതായിക്കിടക്കുന്ന ഈ താലൂക്കുകളും പുനർ വിഭജനം നടത്തിയില്ലെങ്കിൽ ഈ പ്രദേശത്തെ ആളുകൾക്ക് വളരെയധികം പ്രയാസങ്ങളുണ്ടാകും. പ്രമേയത്തിൽ ജില്ലകളും താലൂക്കുകളുമാണ് പറഞ്ഞിട്ടുള്ളത്. എനിക്കു പറയാനുള്ളത് വില്ലേജുകളും കൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്നാണ്. എന്റെ നിയോജകമണ്ഡലത്തിൽ നിലവിലുള്ള രണ്ടു പഞ്ചായത്തുകളും കൂടിയിട്ടുള്ള ഇടക്കരെ—വഴിക്കടവ് വില്ലേജുണ്ട്. ആ വില്ലേജിൽ മൂന്നാമതൊരു പഞ്ചായത്തു കൂടി ഗവൺമെന്റ് രൂപീകരിക്കാൻ പോവുകയാണ്. അപ്പോൾ ഒരു വില്ലേജിൽ മൂന്നു പഞ്ചായത്തുകൾ. ആളുകൾക്ക് വരാനും പോകാനുമൊക്കെ വളരെയധികം പ്രയാസമുണ്ട്. പണ്ടു കാലത്ത് ജനങ്ങളൊന്നും താമസിക്കാത്ത ഒരു പ്രദേശമാണ് കിഴക്കൻ പ്രദേശം. പിന്നെ കുടിയേറ്റക്കാരും മറ്റുമായി വളരെയധികം ജനസംഖ്യയുള്ള ഒരു പ്രദേശമായി മാറിയിരിക്കുകയാണ്. ഈ പ്രദേശത്തിന്റെ ഇതുപോലെയുള്ള സ്ഥിതി കണക്കിലെടുക്കണം. ഒരു ആരോപണമായി ഞാൻ പറയുകയല്ലെങ്കിലും തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ ഇരിക്കുന്നതു കൊണ്ടായിരിക്കാം തിരുവനന്തപുരത്തിന്റെ നില വച്ചുകൊണ്ട് കാര്യങ്ങൾ കാണുന്നത്. വളരെയധികം പ്രയാസങ്ങൾ ആളുകളെ സംബന്ധിച്ചിടത്തോളമുണ്ട്. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്നു മാത്രമല്ല പല നിലയിലും ജനങ്ങൾക്കു പ്രയാസമുണ്ട്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ഡിസ്ട്രിക്റ്റും കൂടി വേണമോയെന്ന് എനിക്കു സംശയമുണ്ട്. വില്ലേജും താലൂക്കുമാണെങ്കിൽ ജനങ്ങൾക്ക് വളരെ സൗകര്യമായിരിക്കും. പ്രത്യേകിച്ചും മലയോരപ്രദേശങ്ങളിൽ ഞാൻ പറഞ്ഞ ഇടക്കരെ വില്ലേജിൽ ഏഴു പുഴകൾ കടന്നുവേണം ആളുകൾക്ക് വില്ലേജാഫീസിൽ എത്താൻ. ഇതുപോലുള്ള പ്രദേശങ്ങളിൽകൂടി മന്ത്രി യാത്രചെയ്യാതിരിക്കുന്നതുകൊണ്ട് ആ സ്ഥലങ്ങളുടെ കാര്യം അറിയാതിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെയൊക്കെ സന്ദർശിക്കുകയാണെങ്കിൽ ഈ കാര്യങ്ങൾക്ക് പെട്ടെന്ന് തീരുമാനമാകും. അതിനുവേണ്ടി ഒരു കമ്മീഷനെ വച്ച് താമസിപ്പിക്കരുതെന്ന ഒരപേക്ഷ കൂടിയുണ്ട്. അല്ലാതെതന്നെ ഈ കാര്യങ്ങൾ മനസ്സിലാക്കി പെട്ടെന്നു ചെയ്യണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുന്നു.

12 Noon]

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക പ്രദേശമാണ് വയനാട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തു മതന്യൂനപക്ഷങ്ങളുടേയും പിന്നോക്ക വിഭാഗങ്ങളുടേയും കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും വളരെ ശക്തിയായി പറയാറുണ്ട്. മതന്യൂനപക്ഷങ്ങളുടെ ആവശ്യപ്രകാരം മലപ്പുറം ജില്ല രൂപീകരിച്ചു. അതുപോലെതന്നെ ഇടുക്കി ജില്ലയും. ഞാൻ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്. ഈ സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക വിഭാഗമായ ആദിവാസികളുടെ ആവശ്യത്തെ പരിഗണിച്ച് വയനാട് ജില്ല അടിയന്തിരമായി രൂപീകരിക്കണമെന്നും അവിടത്തെ അരക്ഷിതാവസ്ഥ ഇല്ലാതാക്കാൻ താമസിയാതെ ഒരു ജില്ല വയനാട്ടിൽ രൂപീകരിക്കണമെന്നും വളരെ ശക്തിയായി ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: സർ, പ്രമേയത്തിൽ ''കമ്മിറ്റിയെ'' എന്നതിനു ശേഷം ''എത്രയും വേഗം'' എന്നുകൂടി ചേർക്കുക. എന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ സമ്പൂർണ്ണമായി അനുകൂലിക്കുകയാണ്. നമ്മുടെ വികസന പ്രവർത്തനങ്ങൾ വ്യാപിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അങ്ങനെ ഒരു പ്രത്യേക ചിന്താസരണി ജനഹൃദയങ്ങളിൽ വേരുറച്ചു നിൽക്കുകയാണ്. അതിന് അനുസൃതമായി ഗ്രാമങ്ങളും താലൂക്കുകളും പുനഃസംഘടിപ്പിക്കണം. അങ്ങനെ ഒരു പുതിയ രൂപത്തിലും ഭാവത്തിലും വികസന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്ന സന്ദർഭത്തിൽ എത്രയും വേഗം ഇതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ച് തീരുമാനമെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഞങ്ങളുടെ നാട്ടിൽ കുഞ്ഞുങ്ങളെ പേടിപ്പെടുത്തുന്നതിനു ഇന്ദിരാഗാന്ധി എന്ന ഒരു യക്ഷി വരുന്നുണ്ടെന്നാണ് പറയുന്നത്. അങ്ങനെ പറയുമ്പോൾ കുഞ്ഞുങ്ങളുടെ കരച്ചിൽ അവസാനിക്കും. ഇന്ദിരാഗാന്ധി എന്ന യക്ഷി വരുന്നു എന്നു പറഞ്ഞാൽ കുഞ്ഞുങ്ങൾ കരച്ചിൽ നിർത്തും.

ശ്രീ. പി. സീതിഹാജി: സർ, പ്രമേയത്തിന്റെ 4-ാം വരിയിൽ ''പുനർനിർണ്ണയം ചെയ്യുന്നതിന്'' എന്നതിനു ശേഷം ''ജനപ്രതിനിധികൾ അടങ്ങിയ'' എന്നുകൂടി ചേർത്ത്, ''ഒരു കമ്മിറ്റിയെ'' എന്നതിനുശേഷം ''എത്രയും വേഗം'' എന്നുകൂടി ചേർക്കേണ്ടതാണ് എന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കേരള സംസ്ഥാനം ഉടലെടുത്ത അന്നു മുതൽ എന്റെ സ്നേഹിതൻ ശ്രീ. ആര്യാടൻ മുഹമ്മദു പറഞ്ഞതു പോലെ ഏറനാടു താലൂക്ക് വിഭജിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ സംസ്ഥാനത്തുള്ളതിൽ ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളത് രണ്ടു താലൂക്കുകളാണ്. ഏറനാടു താലൂക്ക് 2,261 ചതുരശ്ര കിലോമീറ്ററും പത്തനംതിട്ട താലൂക്ക് 1,875 ചതുരശ്ര കിലോമീറ്ററും. നേരെ മറിച്ച് തിരുവനന്തപുരം താലൂക്ക് 263 ചതുരശ്ര കിലോമീറ്ററും കൊടുങ്ങല്ലൂർ താലൂക്ക് 170 ചതുരശ്ര കിലോമീറ്ററും മാത്രമേയുള്ളു. 150 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന പഞ്ചായത്തുകളും ഞങ്ങളുടെ താലൂക്കിലുണ്ട്. അതുകൊണ്ട് ഒരു കമ്മിഷനെ വയ്ക്കാതെ ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈ എടുത്താൽ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും. പുതിയ താലൂക്കു തരുന്നില്ലെങ്കിൽ തിരൂരിനും പെരിന്തൽമണ്ണയ്ക്കുമായി ഭാഗിച്ചു കൊടുക്കണം. 2,261 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള താലൂക്കിലെ തഹസിൽദാർക്കു ഒരു ജീപ്പുപോലും കൊടുത്തിട്ടില്ല. അതു മലമ്പ്രദേശമാണ്. പല കാര്യങ്ങൾക്കും തഹസിൽദാർക്കു ഈ താലൂക്കിന്റെ പല ഭാഗങ്ങളിലും അത്യാവശ്യമായി പോകേണ്ടതായി വരും. അത്യാവശ്യം വരുമ്പോൾ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിനെ സമീപിച്ചാണ് ജീപ്പു വാങ്ങിക്കുന്നത്. അക്കാര്യം മന്ത്രി ഒന്നു ശ്രദ്ധിക്കണം. ശ്രീ. ആര്യാടൻ പറഞ്ഞതു പോലെ ഒരു വില്ലേജിൽ തന്നെ രണ്ടും മൂന്നും പഞ്ചായത്തുകളുണ്ട്. വഴിക്കടവ്, എടക്കര എന്നീ രണ്ടു പഞ്ചായത്തുകളും ഇപ്പോൾ തന്നെ ഉണ്ട്. മൂന്നാമത്തെ പഞ്ചായത്തു ഇന്നോ നാളെയോ തന്നെ വരും. ആമരത്തല വില്ലേജിൽ രണ്ടു പഞ്ചായത്തുകളുണ്ട്; അതുകൊണ്ട് ഒരു പഞ്ചായത്ത് ഒരു റവന്യൂ വില്ലേജ് എന്നാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മലയോര പ്രദേശങ്ങളോട് നീതി കാണിക്കുന്ന ഈ ഗവൺമെൻറു ഭരണ സൗകര്യത്തിനുവേണ്ടി ഈ താലൂക്കുകളുടെ കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: പ്രമേയത്തിൽ ''ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന'' ഭാഗം എടുത്തു കളഞ്ഞ് ''സത്വര നടപടികൈ സ്വീകരിക്കണമെന്ന'' എന്നാക്കി മാറ്റുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ പ്രമേയത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന ഭാഗം എടുത്തു കളഞ്ഞുകൊണ്ട് ഉടനടി ഗവൺമെൻറ് നടപടി എടുക്കണമെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഞാൻ ഇതു പറയാൻ കാരണമുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം വെള്ളോടി കമ്മിഷൻ തന്നെ അന്വേഷിച്ച് ഒരു റിപ്പോർട്ടു ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. അതിൽ നിലവിലുള്ള ബ്ലോക്കുകളെല്ലാം തന്നെ താലൂക്കുകളായി മാറ്റണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിലയിൽ നിലവിലുള്ള ബ്ലോക്കുകളെ താലൂക്കുകളായി മാറ്റുകയും വലിയ പഞ്ചായത്തുകളെ അല്ലെങ്കിൽ വില്ലേജുകളെ മുറിച്ച് സൗകര്യപ്രദമായി ജനങ്ങൾക്കു സൗകര്യപ്രദമായ നിലയിൽ വില്ലേജുകളും ഉണ്ടാക്കുകയും ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ജില്ലകളെ സംബന്ധിച്ചിടത്തോളം ഇനിയും ഈ ജില്ലകളും വിഭജിക്കുന്നത് നമ്മുടെ സാമ്പത്തിക വരുമാനം വളരെ കുറവാണെന്നുള്ളതു പരിഗണിച്ച് അത്ര ആശാസ്യമാണെന്നുള്ള അഭിപ്രായം എനിക്കില്ല. സർ, അതുകൊണ്ട് ഗവൺമെൻറു ജില്ലകളും രൂപീകരിച്ചേ അടങ്ങൂ എന്നു തീരുമാനിക്കുകയാണെങ്കിൽ അതിനു ഏറ്റവുമധികം പ്രാധാന്യം കൽപ്പിക്കേണ്ടതു വളരെയേറെ പിന്നോക്കം നിൽക്കുന്ന ഹോസ്ദുർഗ്, കാസർകോഡ് പ്രദേശങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടായിരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്.

ശ്രീ. പി. സിറിയക് ജോൺ: സർ, പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ ''ഡിസ്ട്രിക്റ്റുകളും'' എന്നതിനു ശേഷം ''വില്ലേജുകളും വികസന ബ്ലോക്കുകളും'' കൂടി ചേർത്ത് ബാക്കി ഭാഗം വായിക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗവൺമെൻറു താലൂക്കുകളുടേയും വില്ലേജുകളുടേയും കാര്യത്തിൽ ഒരു വിവേചനാപരമായ നിലപാടാണ് സ്വീകരിക്കുന്നതെന്നു പറയുമ്പോൾ അതു കുറ്റപ്പെടുത്തലല്ല, ഒരു യാഥാർത്ഥ്യമാണ്. ഇവിടെ കണക്കുകൾ അതു പറയുന്നുണ്ട്. കോഴിക്കോടു താലൂക്ക് 1,037 ചതുരശ്ര കിലോമീറ്ററാണ്. ഏറനാടു താലൂക്ക് 2,261 ചതുരശ്ര കിലോമീറ്ററാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രദേശമായ കരുനാഗപ്പള്ളി താലൂക്ക് 211 ചതുരശ്രകിലോമീറ്ററാണ്. ഇതുപോലെ പല കാര്യങ്ങളിലും വളരെയേറെ അന്തരം പുലർത്തുന്നുണ്ടെന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ തിരുവമ്പാടി വില്ലേജ് 158 ചതുരശ്ര കിലോമീറ്ററാണ്. എന്നാൽ പല സ്ഥലത്തും അഞ്ചും പത്തും ചതുരശ്രകിലോമീറ്ററാണ്. 148 ചതുരശ്ര കിലോമീറ്റർ ഉള്ള ഒരു വില്ലേജിൽ ആളുകളെ സംബന്ധിച്ചിടത്തോളം വില്ലേജാഫീസിൽ പോകണമെങ്കിൽ വളരെയധികം പ്രയാസമാണെന്ന കാര്യം നാം ഓർക്കണം. ഞാൻ അതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. കോഴിക്കോടു ജില്ലയുടെ വിസ്തൃതി 4,577 ചതുരശ്ര കിലോമീറ്ററാണ്. അതേയവസരത്തിൽ ആലപ്പുഴ 1,884 ചതുരശ്ര കിലോമീറ്റർ മാത്രമേയുള്ളു. ആലപ്പുഴ ജില്ലയിൽ 7 താലൂക്കുകൾ ഉള്ളപ്പോൾ കോഴിക്കോടു ജില്ലയിൽ പുതിയ മാനന്തവാടി കൂടി ഉൾപ്പെട്ട് 5 താലൂക്കുകളാണുള്ളത്. ഇതിനെ സംബന്ധിച്ച വിസ്തൃതിയുടെ കണക്കു സമയമില്ലാത്തതുകൊണ്ടു ഞാൻ പറയുന്നില്ല. വെള്ളോടി കമ്മിഷൻ റിപ്പോർട്ടിനെ ഇക്കാര്യത്തിൽ വളരെയേറെ ആശ്രയിക്കേണ്ടതാണ്, അത് അംഗീകരിക്കേണ്ടതാണ് എന്നു അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് ഈ താലൂക്കുകളും ബ്ലോക്കുകളുംകൂടി

LIBRARY ARCHIVES Kerala Legislative Assembly

പുനഃസംഘടിപ്പിക്കുവാനുള്ള പരിപാടി സംവിധാനം ചെയ്യണം. അതു പോലെ തന്നെ കോഴിക്കോടു ജില്ലയുടെ വിസ്തീർണ്ണം വയനാടിന്റെ പിന്നോക്കാവസ്ഥ ഇതെല്ലാം പരിഗണിച്ചുകൊണ്ട് വയനാട് ഒരു പ്രത്യേക ജില്ലയായി മാറണം. കോഴിക്കോടു താലൂക്ക് സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയും വിസ്തൃതിയുമുള്ള താലൂക്ക് എന്ന നിലയിൽ അതിന്റെ പിന്നോക്കാവസ്ഥകൂടി പരിഗണിച്ചുകൊണ്ട് അതു വിഭജിച്ച് രണ്ടാക്കണമെന്നു കൂടി ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ജില്ലകളും താലൂക്കുകളും ഒന്നു വിഭജനം നടത്തണമെന്ന ആവശ്യം വളരെക്കാലമായുള്ളതാണ്. റവന്യൂ മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. കണ്ണൂർ പോലെയുള്ള വലിയ ഡിസ്ട്രിക്റ്റുകളും അതുപോലെതന്നെ വലിയ താലൂക്കുകളുമുണ്ട്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ജില്ലയായ കൊല്ലം ജില്ലതന്നെ വലിയ ഒരു ജില്ലയാണ്. അതുപോലെയുള്ള ജില്ലകളെ സംബന്ധിച്ചും താലൂക്കുകളെ സംബന്ധിച്ചുമെല്ലാം പരിഗണിക്കണം. ഇതെല്ലാം പരിഗണിക്കുവാൻ കഴിയുകയില്ലെങ്കിൽ വയനാടു ജില്ലയെങ്കിലും കൊടുക്കാനുള്ള അടിയന്തിരമായ തീരുമാനമുണ്ടാകണം. വെറുതേ റവന്യൂ ഡിവിഷൻ എന്നു പറഞ്ഞുകൊണ്ട് ആളുകളെ പറഞ്ഞുകൊണ്ട് കാര്യമൊന്നുമില്ല. എന്തിനാളുകളെ പറഞ്ഞുകൊണ്ട്? വയനാട് ഒരു ജില്ല കൊടുക്കണം. അതെല്ലാപാർട്ടികളും പറഞ്ഞിട്ടുള്ളതാണ്. ഒരു രാഷ്ട്രീയപാർട്ടിയും എതിർത്തിട്ടില്ല. അതുകൊണ്ട് വയനാടു ജില്ല ഉടൻ തന്നെ രൂപീകരിക്കണം. കണ്ണൂരിന്റെ കാര്യം വളരെക്കാലമായി പറയുന്നതാണ്. കൂത്തുപറമ്പിൽ ഒരു താലൂക്കു വേണം. തലശ്ശേരി വളരെ വലിയ താലൂക്കാണ്. ഇതൊന്നുമില്ലെങ്കിലും വയനാടു ജില്ലയെങ്കിലും കൊടുക്കത്തക്ക രീതിയിലുള്ള തീരുമാനമെടുക്കണം. നിങ്ങൾക്കിനി വലിയ കാലമൊന്നുമില്ല. ഈ മന്ത്രിസഭയുടെ കാലം അവസാനിക്കുവാൻ പോകുകയാണ്. അധികമൊന്നും കാണുകയില്ല. അതുകൊണ്ട് റവന്യൂ മന്ത്രി ഇതെങ്കിലുമൊന്ന് നടപ്പിലാക്കണം. ജനങ്ങൾക്കുവേണ്ടി അത്രയെങ്കിലും ചെയ്തു എന്നു വരട്ടെ. കൂടുതൽ കാലം എന്തായാലുമില്ല. ഡെമോക്ലീസിന്റെ വാളു പോലെ ജനങ്ങൾ നിങ്ങളുടെ മുകളിൽ തൂങ്ങി നിൽക്കുകയാണ്, നിങ്ങളെ പുറത്താക്കാൻ പോകുകയാണ്. അതുകൊണ്ട് ഇതെങ്കിലുമൊന്നു ചെയ്യണം.

മി. ചെയർമാൻ: എറണാകുളം ജില്ലയുടെ കാര്യം മാത്രമേ ഇനി പറയാനുള്ളു. അതു ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയട്ടെ.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഇത് താലൂക്ക്—ഡിസ്ട്രിക്റ്റ് പുനർ വിഭജനം സംബന്ധിച്ചുള്ള ഒരു പ്രമേയമാണ്. അതിന് പഠനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയമാണ് ഡോക്ടർ ജോർജ് മാത്യു അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട ഇട്ടൂപ്പ്, ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഈ പ്രമേയം, കമ്മിഷനെ വയ്ക്കണമെന്നു പറയുന്നത്, കാലതാമസമുണ്ടാക്കാനാണ്, ഞാനും പ്രമേയാവതാരകനുംകൂടി ബോധപൂർവ്വം ആലോചിച്ചാണ് പ്രമേയം അവതരിപ്പിച്ചതെന്നും മറ്റും സൂചന നൽകുന്ന വിധത്തിൽ സംസാരിച്ചു. അങ്ങനെ പറഞ്ഞു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ ഒടുവിൽ, വളരെ കൂടുതൽ നാളുകളും ഒന്നും ഇല്ല എന്നു പറഞ്ഞിട്ടാണ് നിറുത്തിയത്. കരുണാകരൻ കൊണ്ട് ഒന്നും പറയരുതേ.

ശ്രീ. എം. വി. രാഘവൻ: മന്ത്രിയെപ്പറ്റിയല്ല. നിങ്ങളുടെ ഭരണം തീരാറായി എന്നാണ്.

ശ്രീ. ബേബി ജോൺ: അതു തന്നെയാണ് ഞാനും പറഞ്ഞത്. സർ, നമ്മുടെ സംസ്ഥാനത്ത് പുതുതായി ഡിസ്ട്രിക്റ്റുകളും വേണമെന്നും താലൂക്കുകളും പുനർ വിഭജനം ചെയ്യണമെന്നും വില്ലേജുകളും തന്നെയും പുനർവിഭജനം ചെയ്യണമെന്നും ഉള്ള ആവശ്യങ്ങളും വളരെക്കാലമായി നിലനിൽക്കുന്നതാണ്. പല വില്ലേജുകളും പല താലൂക്കുകളും പുനർവിഭജനം ചെയ്യേണ്ടതുമാണ്. പക്ഷെ, ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നമ്മുടെ താലൂക്കുകളും ഡിസ്ട്രിക്റ്റുകളും വില്ലേജുകളും താരതമ്യേന ചെറുതാണ്, അതുകൊണ്ട് ഇവിടെ പുനർ വിഭജനം വേണ്ടെന്നേ അർത്ഥത്തിലല്ല ഞാൻ പറയുന്നത്. വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താനും കാര്യക്ഷമമാക്കാനും പ്രവർത്തന യൂണിറ്റുകളും താരതമ്യേന ചെറുതായിട്ടു ഇരുന്നാൽ തരക്കേടില്ലെന്ന അഭിപ്രായമുണ്ട്. അതു സംബന്ധിച്ച് പല പഠനങ്ങളും നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞതു പോലെ വെള്ളോടിക്കമ്മിറ്റി പഠനം നടത്തി; 70 താലൂക്കുകളും വേണമെന്നു പറഞ്ഞു. താലൂക്കുകളും ബ്ലോക്കുകളുമായി പുനർ വിഭജനം ചെയ്യണമെന്ന നിർദ്ദേശമായിരുന്നു ഉണ്ടായിരുന്നത്. ആ റിപ്പോർട്ടിനെ തുടർന്ന് കുറച്ചുകൂടി ഒരു പഠനം നടത്തുന്നതിനു വേണ്ടി കാളീശ്വരനെ നിയോഗിച്ചു. അതിൽ 104 താലൂക്കുകളും വേണമെന്നായി. ഈ സഭയുടെ പല ഭാഗത്തുനിന്നും കിട്ടിയിരിക്കുന്ന നിവേദനങ്ങളും നോക്കിയാൽ 200 താലൂക്കുകളായിപുനർ വിഭജനം ചെയ്താലും ബഹുമാനപ്പെട്ട മെമ്പറൻമാർക്കോ മറ്റാളുകൾക്കോ പരാതി കുറയുകയില്ല. അത്ര കൂടുതൽ നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

സർ, പക്ഷെ കുറെയൊക്കെ പുനർവിഭജനം വേണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പരിമിതി തന്നെയാണ്. കഴിഞ്ഞ കുറെ വർഷങ്ങളിലെ പ്രവർത്തനം നോക്കുക. പലപ്പോഴും നമുക്ക് ഫിനാൻഷ്യൽ കട്ട് വേണ്ടി വന്നിട്ടുണ്ട്. വളരെ കർശനമായിട്ടുള്ള കട്ട് വേണ്ടി വരുന്നു; ചെലവു ചുരുക്കൽ നടപടി വേണ്ടി വന്നു. അങ്ങിനെയുള്ള നടപടികളും സ്വീകരിക്കുമ്പോൾ ആദ്യം വരുന്നത് വില്ലേജാഫീസുകളുടെ പുറത്താണ്. താലൂക്കു പുനർ വിഭജനം വേണം, ഡിസ്ട്രിക്റ്റ് പുനർ വിഭജനം വേണം, വില്ലേജു പുനർ വിഭജനം വേണം എന്നൊക്കെ പറയുമ്പോൾ ഉള്ള വില്ലേജാഫീസുകളിൽ തന്നെ ഒടിഞ്ഞ സ്റ്റൂളുകളാണ് ഉള്ളത്. കാൽ മടക്കി വച്ചു എഴുതുന്ന ശോചനീയമായ സ്ഥിതിയാണ് ഇപ്പോഴുള്ളത്.

ശ്രീ. എം. വി. രാഘവൻ: അത് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്താൽ മതി. കാൽ ഒടിഞ്ഞ കസേരയൊന്നും അപ്പോൾ വേണ്ട. അവർ ഉണ്ടാക്കിക്കൊള്ളും.

ശ്രീ. ബേബിജോൺ: നമുക്ക് അതിനെപ്പറ്റിയും ആലോചിക്കണം. വില്ലേജാഫീസുകളും പഞ്ചായത്താഫീസുകൾക്ക് വിട്ടുകൊടുക്കാൻ സാധിക്കുമോയെന്നു പരിശോധിക്കണം. മിക്കവാറും ജനറൽ അഡ്മിനി

LIBRARY ARCHIVES Kerala Legislative Assembly

സ്ട്രേഷന്റെ താഴെ കിടയിലുള്ള ഒരു യൂണിറ്റായിട്ടാണു വില്ലേജാഫീസിനെ കാണുന്നത്. അതു മാറ്റി പഞ്ചായത്തുകൾക്കു കൊടുക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി എനിക്ക് ഇപ്പോൾ ഒരു മറുപടി പറയാൻ പറ്റുകയില്ല. ഞാൻ പറഞ്ഞുവന്നത് അത്രമാത്രം ശോചനീയമാണ് വില്ലേജാഫീസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്നാണ്.

സർ, താലൂക്കു പുനർവിഭജനംകൊണ്ട് വലിയ ചെലവൊന്നും വരികയില്ലെന്ന ഒരു ധാരണയുണ്ട്. അതു ശരിയല്ല. ഇന്ന് ഒരു താലൂക്കിലുള്ള അതേ സംവിധാനം തന്നെ പുതുതായി ഉണ്ടാകുന്ന താലൂക്കുകളിലും വേണം. താലൂക്ക് ഓഫീസു മാത്രമല്ല അതുകൊണ്ട് വരുന്നത്. അത്രയും സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ടാണ് പുനർ വിഭജനത്തിനു തടസ്സമായി വരുന്നത്.

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ, വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ എന്നിങ്ങനെ ഓരോ മെമ്പറൻമാരും അവരവർക്കു പ്രയോജനകരമായ വിധത്തിൽ വാദങ്ങളും ഉന്നയിച്ച് ചിലർ വിസ്തീർണ്ണം പറയും, ചിലർ ജനസംഖ്യ പറയും, ചിലർ രണ്ടുംകൂടി പറയും,. ഉദാഹരണമായി കൊല്ലം ജില്ലയുടെ കാര്യംതന്നെ പറഞ്ഞു. പത്തനംതിട്ട താലൂക്കും പത്തനാപുരം താലൂക്കുംകൂടി ചേർത്ത് ഒരു ജില്ല വേണമെന്നു പറഞ്ഞു. കൊല്ലം താലൂക്കിനെ സംബന്ധിച്ചിടത്തോളം 380.2 ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണ്ണം. ജനസംഖ്യ 6,77,646 ആണ്. പത്തനംതിട്ട താലൂക്കിന്റെ വിസ്തീർണ്ണം 1975.6 ചതുരശ്ര കിലോമീറ്ററാണ്. അവിടത്തെ ജനസംഖ്യ 3,96,180 ആണ്. പത്തനാപുരം താലൂക്കിന്റെ വിസ്തീർണ്ണം 1133.7 ചതുരശ്ര കിലോമീറ്ററാണ്. അവിടത്തെ ജനസംഖ്യ മൂന്നു ലക്ഷത്തിപതിനായിരത്തിൽ ചിലപാനമാണ്. 380 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കൊല്ലം താലൂക്കിൽ ആറുലക്ഷത്തി എഴുപത്തിയേഴായിരത്തിൽ ചിലപാനം ജനസംഖ്യയുണ്ടെങ്കിൽ മൂവായിരത്തിലധികം ചതുരശ്ര കിലോമീറ്റർ വിസ്താരമുള്ള പത്തനംതിട്ട, പത്തനാപുരം താലൂക്കുകളിൽ 7 ലക്ഷത്തോളം മാത്രമാണ് ജനസംഖ്യയുള്ളത്. അതുകൊണ്ട് വിസ്തീർണ്ണം മാത്രം എടുത്തുകൊണ്ട് പുനർവിഭജനം നടത്താൻ സാദ്ധ്യമല്ല.

പിന്നെ അമ്പലപ്പുഴ താലൂക്കിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. വളരെയേറെ ജനസാന്ദ്രതയുള്ള താലൂക്കാണ്. 178.8 ചതുരശ്ര കിലോമീറ്റർ വിസ്താരമുള്ള സ്ഥലത്ത് 3,29,661 ആണ് ജനസംഖ്യ. തിരുവനന്തപുരം താലൂക്കിൽ 307 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളപ്പോൾ 7,47,846 ആണ് ജനസംഖ്യ. കോഴിക്കോട് 1026 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളപ്പോൾ 9,43,249 ആണ് ജനസംഖ്യ. ഏറനാടു താലൂക്കിന് 2267 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ളപ്പോൾ അവിടത്തെ ജനസംഖ്യ 7,15,000 ആണ്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ 670 ച: കിലോമീറ്റർ വിസ്തീർണ്ണമുള്ളപ്പോൾ ജനസംഖ്യ 3,70,000 ആണ്. 140 ച: കിലോമീറ്റർ വിസ്തീർണ്ണമുള്ള കൊച്ചിയിൽ 3,96,840 ആണ് ജനസംഖ്യ. ഇങ്ങനെ ജനസംഖ്യ വളരെ കൂടുതലും വിസ്തീർണ്ണം വളരെകുറവും ആയ സ്ഥലങ്ങളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കണ്ണൂർ ജില്ല ജനസംഖ്യയുടെ കാര്യത്തിലും മുമ്പിലാണ്. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിലും മറെറല്ലാ കാര്യത്തിലും പിന്നിലാണ്. അതുകൊണ്ട് വയനാട് ജില്ല ഉണ്ടാക്കിക്കൂടേ?

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വടക്കേ വയനാടും തെക്കേ വയനാടുംകൂടി ചേർത്താൽ വടക്കേ വയനാടിന് 747 കിലോമീറർ വിസ്തീർണ്ണവും 1,29,335 ജനസംഖ്യയും തെക്കേ വയനാടിന് 1378.2 ചതുരശ്ര കിലോമീറർ വിസ്തീർണ്ണവും 2,84,515 ജനസംഖ്യയുമാണുള്ളത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: നാലു ലക്ഷത്തിൽ അധികം ജനസംഖ്യയുണ്ട്.

ശ്രീ. ബേബിജോൺ: ഇതെല്ലാംകൂടി വച്ചുകൊണ്ട് ഏതായാലും....

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: താലൂക്കും ബ്ലോക്കും ഒന്നായാൽ ചെലവു ചുരുക്കാൻ കഴിയുമെന്ന് വെള്ളോടി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടല്ലോ?

ശ്രീ. ബേബിജോൺ: ബ്ലോക്കും താലൂക്കും ഒന്നായാൽ ചെലവു ചുരുക്കാമെന്ന അഭിപ്രായം പരിശോധിക്കാവുന്നതാണ്. പക്ഷേ, ഒററ നോട്ടത്തിൽ എനിക്ക് അതിനോട് യോജിപ്പില്ല. 144 ബ്ലോക്കുകളും ഉണ്ട്. അപ്പോൾ കുറവുള്ള താലൂക്കുകൾകൂടി വേണ്ടി വരും. അപ്പോൾ ചെലവു കൂടാനാണ് സാദ്ധ്യത. താലൂക്കു വരുമ്പോൾ അതിന്റെ എല്ലാ സംവിധാനവും വേണം. ഒരു താലൂക്ക് ആഫീസ് മാത്രമല്ല, മറെറല്ലാ ഡിപ്പാർട്ടുമെൻറിന്റെയും താലൂക്ക് ഓഫീസ് വേണ്ടിവരും. അതുകൊണ്ട് ഇതു തള്ളിക്കളയുന്നില്ല. ചില സ്ഥലത്ത് വേണ്ടിവരും. പുനർവിഭജനം വേണ്ടിവരും. പക്ഷേ, അതൊരു ഫെയിസ്ഡ് പ്രോഗ്രാമിന്റെ ഭാഗമായിട്ടു മാത്രമേ ചെയ്യാൻ പററുകയുള്ളു. ഗവൺമെൻറിന്റെ കയ്യിൽ ആവശ്യമായ എല്ലാ സ്ഥിതിവിവരക്കണക്കുകളും ഉണ്ട്. ഡിസ്ട്രിക്റ്റുകൾ രൂപവൽക്കരിക്കുന്നതിനേക്കാൾ താലൂക്കുകൾ പുനർവിഭജനം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പം മലയോര പ്രദേശങ്ങളിൽ ഹിൽ ഏരിയാ ഡവലപ്മെൻറ് എന്ന രീതിയിൽ പ്രത്യേകമായി വികസനത്തിനു വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയാണ്. അത് ആവശ്യമാണ് സർ. ഗതാഗതസൗകര്യമില്ലാത്ത പ്രദേശത്ത് പ്രത്യേക ശ്രദ്ധ നൽകിയിട്ടു പ്രത്യേക വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. വളരെ ഗൗരവമായി ഗവൺമെൻറ് ആ കാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഹിൽ ഏരിയാ ഡെവലപ്മെൻറ് സ്കീം എന്നുള്ള ഒരു പദ്ധതിതന്നെ തയ്യാറാക്കി മററു സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായവും കൂടി വാങ്ങി ആ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അങ്ങനെ, ഇപ്പോഴുള്ള വെസ്റേൺ ഘട്ട്സ് ഡെവലപ്മെൻറ് സ്കീമിനു പുറമേ മലയോരപ്രദേശങ്ങൾക്കുവേണ്ടി പ്രത്യേകമായ ഒരു വികസന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാജൻ: കണ്ണൂരേക്ക് വടക്കേ വയനാടു വഴി പോകണമെങ്കിൽ മുമ്പ് അറുപതു നാഴിക പോയാൽ മതിയായിരുന്നു. ഇപ്പോഴും എഴുപത്തഞ്ചു നാഴിക വരണം. മാത്രവുമല്ല കണ്ണൂർ ജില്ലക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും മുഴുവനും നഷ്ടപ്പെട്ടിരിക്കുകയാണ്.

ശ്രീ. ബേബിജോൺ: എസ്. എഫ്. ഡി. എ. ഡിസ്ട്രിക്റ്റ് എന്നുള്ള നിലയ്ക്കാണെന്നു തോന്നുന്നു വടക്കേ വയനാട്ടിലുള്ള ആളുകൾക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും ഇന്നു ലഭിക്കുന്നില്ല. ആ സ്ഥലം കോഴിക്കോടിനോടു ചേർത്തതുകൊണ്ടാണ്. അതു പ്രത്യേകം പരിശോധിക്കുന്നതാണ്. കാരണം, വികസന പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുന്നതിനുവേണ്ടി പുനസംവിധാനം ഉണ്ടാക്കിയപ്പോഴും ഉള്ള ആനുകൂല്യങ്ങളും ഇല്ലാതെ വരുന്നതു നല്ലതല്ല.

ഡോ. ജോർജ് മാത്യു: ഇപ്പോഴും പറഞ്ഞ വെസ്റേൺ ഘട്ട് ഡെവലപ്മെൻറ് സ്കീം സെൻട്രൽ ഗവൺമെൻറിൻെറ സ്കീമാണ്. അതിൽ കൂടി ഞങ്ങളുടെ പ്രദേശത്ത് യാതൊരു വികസന പ്രവർത്തനവും നടന്നിട്ടില്ല. പക്ഷേ, ആ പ്രദേശത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെയുള്ള സ്കീമാണ് വരുന്നതെങ്കിൽ യാതൊരു വികസനവും അവിടെ ഉണ്ടാകാൻ പോകുന്നില്ല. അതു പ്രത്യേകം ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഇപ്പോഴും പറഞ്ഞത്.

ശ്രീ. ബേബിജോൺ: വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല എന്നുള്ള വാദത്തോടു ഗവൺമെൻറിനു യോജിപ്പില്ല. നമ്മുടെ ആഗ്രഹത്തിനൊത്തും ആവശ്യത്തിനൊത്തും പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നു പറഞ്ഞാൽ മനസ്സിലാക്കാം. വികസന പ്രവർത്തനങ്ങളും നടത്തുമ്പോഴും അവികസിത പ്രദേശങ്ങൾക്കു പ്രയോറിറ്റി കൊടുത്തതിൻെറ കണക്കുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ആ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴും കണക്കു കൈവശമില്ലാത്തതുകൊണ്ടു ഞാൻ പറയുന്നില്ല. അവികസിത പ്രദേശങ്ങൾക്കും മലയോര പ്രദേശങ്ങൾക്കും പ്രയോറിറ്റി നൽകിക്കൊണ്ട് പ്രത്യേകിച്ച് ഗതാഗത സൗകര്യത്തിനു പ്രയോറിറ്റി നൽകിക്കൊണ്ടാണ് പ്രവർത്തനം നടത്തുന്നത്. ഗവൺമെൻറിൻെറ കയ്യിൽ ആവശ്യമായ സ്ഥിതിവിവരക്കണക്കുകളും ഉണ്ട്. റവന്യൂ ബോർഡ് പരിശോധന നടത്തുന്നുണ്ട്. പുനർവിഭജനം ഉണ്ടാകും. പക്ഷേ, ഒറ്റയടിക്ക് നമ്മുടെ സംസ്ഥാനത്തെ താലൂക്കുകളും പുനർവിഭജനം നടത്തുക എന്നു പറയുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വില്ലേജുകളുടെ പുനർവിഭജനം നടത്തണമെന്നു പറയുന്നതും ബുദ്ധിമുട്ടാണ്. ഫേസ്ഡ് പ്രോഗ്രാം എന്നുള്ള നിലയിൽ അത്യാവശ്യം വേണ്ടതുനോക്കി അപ്പപ്പോഴും കുറേശ്ശെ കുറേശ്ശെ നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. കമ്മീഷൻവച്ചാൽ, ബഹുമാനപ്പെട്ട ഇട്ടൂപ്പ് പറഞ്ഞതുപോലെ കാലതാമസം വരും. ഗവൺമെൻറിനു ഉത്തരവാദിത്വത്തിൽ നിന്നൊഴിയാമെന്നും വരും. എന്നുവച്ച് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയണമെന്നല്ല. രണ്ടു മൂന്നു കൊല്ലമെങ്കിലും താമസിക്കും. അതുകൊണ്ട് കമ്മീഷനെയൊന്നും വയ്ക്കേണ്ട കാര്യമില്ല. പുനർവിഭജനം അത്യാവശ്യമാണെന്നതിൻെറ സ്പിരിറ്റു മനസ്സിലാക്കികൊണ്ടു തന്നെ പ്രമേയം പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Shri A·P· Kurian, was by leave, withdrawn·

The amendment moved by Shri N· Bhaskaran Nair was by leave, withdrawn·

The amendment moved by Shri Kallada Narayanan was by leave, withdrawn·

The amendment moved by Shri N· K· Balakrishnan was by leave withdrawn·

The amendment moved by Shri P· Seethi Haji, was by leave, withdrawn·

The amendment moved by Shri C·A· Kurian was by leave, withdrawn,

The amendment moved By Shri M·V· Rajan was, by leave, withdrawn·

The amendment moved by Shri P· Cyriac John was, by leave, withdrawn·

The amendment moved by Shri P·K· Ittoop was, by leave, withdrawn·

The amendment moved by Shri Aryadan Mohammed was by leave withdrawn·

The Resolution moved by Dr· George Mathew was, by leave, withdrawn·

മി. ചെയർമാൻ: ഇപ്പോഴേ തന്നെ സമയം 12.25 ആയി. ഇനി മൂന്നാമത്തെ പ്രമേയം എടുക്കണമെന്നുണ്ടെങ്കിൽ സഭയുടെ അഭിപ്രായം അറിയേണ്ടതായിട്ടുണ്ട്. മൂന്നാമത്തെ പ്രമേയം ചർച്ചക്കെടുത്താൽ ഏറ്റവും ചുരുങ്ങിയത് മുപ്പതു മിനിറ്റു സമയമെങ്കിലും നാം ഇരിക്കേണ്ടി വരും. അതുകൊണ്ട് സഭയുടെ അഭിപ്രായമറിഞ്ഞതിനുശേഷം തീരുമാനിക്കാമെന്നു വിചാരിക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: ഇന്നു വെള്ളിയാഴ്ചയാണ്. അതുകൊണ്ടും പന്ത്രണ്ടര മണിക്കുതന്നെ സഭ പിരിയണം.

മി. ചെയർമാൻ: സഭാ നേതാവിന്റെയും പ്രതിപക്ഷത്തുള്ള ആളുകളുടെയും അഭിപ്രായമറിഞ്ഞതിനുശേഷം തീരുമാനമെടുക്കാനൊക്കുകയുള്ളു. വെള്ളിയാഴ്ച പന്ത്രണ്ടര മണിക്കു പിരിയുകയാണ് സാധാരണ പതിവ്. അതിനു വിപരീതമായി, കൂടുതൽ സമയം ഇരിക്കണമെങ്കിൽ സഭയുടെ അനുമതിയോടുകൂടി ഇരിക്കാവുന്നതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, കഴിഞ്ഞ വെള്ളിയാഴ്ച ഒരുമണിവരെ ഇരുന്നില്ലേ.

ശ്രീ. എൻ. ഐ. ഭാസ്കരൻകുട്ടി: എല്ലാവരും ചുരുക്കി സംസാരിച്ചാൽ മതി സർ.

ശ്രീ. പി. സീതി ഹാജി: എല്ലാ വെള്ളിയാഴ്ചയും ഇങ്ങനെയായാൽ എങ്ങനെയാണ്?

ശ്രീ. എം. വി. രാഘവൻ: കഴിഞ്ഞ വെള്ളിയാഴ്ച ഇരുന്നില്ലേ? ഈ വെള്ളിയാഴ്ചയുംകൂടി ഇരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സാധാരണയായി ഇതുപോലൊരു പ്രശ്നം വന്നാൽ എല്ലാവരും അന്യോന്യം സഹകരിച്ച് അൽപ്പസമയംകൂടി ഇരിക്കുകയാണ് പതിവ്. അതാണു നല്ലതെന്നാണ് എനിക്കു തോന്നുന്നത്. നോൺ ഒഫീഷ്യൽ ഡേയിൽ ഒരു റസലൂഷനൊക്കെ ബാലറ്റ് ചെയ്തു കിട്ടിയാൽ അതിവിടെ ചർച്ച ചെയ്യണമെന്നുള്ളത് മെമ്പർമാരുടെ എല്ലാവരുടേയുംകൂടെ ആവശ്യമാണ്. അതുകൊണ്ട് ഏറ്റവും അത്യാവശ്യമായ സമയം ഇരിക്കാമെന്നാണെന്റെ അഭിപ്രായം.

മി. ചെയർമാൻ: അങ്ങനെയാണെങ്കിൽ ഇരുപതു മിനിറ്റുകൊണ്ട് ചർച്ച അവസാനിപ്പിക്കാം. മൂന്നാമത്തെ പ്രമേയം അവതരിപ്പിക്കുന്നതിന് ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി ദേവസ്സിക്കുട്ടിയെ ചുമതലപ്പെടുത്തിയതനുസരിച്ച് അദ്ദേഹത്തിന് അവതരിപ്പിക്കാം.

(iii) കശുവണ്ടിയുടെ വില പുനർനിർണ്ണയം ചെയ്യുന്നതിനെ സംബന്ധിച്ച്

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരിയുടെ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി പ്രമേയം അവതരിപ്പിച്ചു. സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

''കശുവണ്ടിക്ക് (നാടൻ തോട്ടണ്ടി) ഇന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വില കർഷകർക്ക് അപര്യാപ്തവും അസ്വീകാര്യവുമായതിനാൽ പ്രസ്തുത വിലനിശ്ചയം ഗവൺമെന്റ് റദ്ദാക്കുകയും കർഷക പ്രതിനിധികൾകൂടി ഉൾക്കൊള്ളുന്ന ബന്ധപ്പെട്ട കക്ഷികളുമായി ആലോചിച്ച് വില പുനർനിർണ്ണയം ചെയ്യുകയും ചെയ്യണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.''

സർ, നാടൻ തോട്ടണ്ടിയുടെ വില ഈ കൊല്ലം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെൻറു ചെയ്ത പ്രഖ്യാപനം കേരളത്തിലെ കശുമാവു കൃഷിക്കാരെ മുഴുവൻ ഞെട്ടിക്കുകയും നിരാശയിലാക്കുകയും ചെയ്തിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നതിന്റെ പകുതിയിലധികം കുറഞ്ഞിരിക്കുകയാണ് ഇപ്പോൾ. എന്താണ് സംഭവിച്ചതെന്ന് കൃഷിക്കാർക്ക് ആർക്കും അറിയാൻ കഴിഞ്ഞില്ല. അവരുമായി ആരും ആലോചിക്കുകയും ഉണ്ടായില്ല. ഇത് സ്വർഗ്ഗത്തിലെവിടെയോവച്ച് എടുത്ത ഒരു തീരുമാനമാണെന്നാണ് കൃഷിക്കാർ വിചാരിക്കുന്നത്. അതുകൊണ്ട്, അനധികൃതമായി കൃഷിക്കാർ അവരുടെ വിധിയെ പഴിക്കുകയാണ്. കശുവണ്ടി മുതലാളിമാരും കശുവണ്ടിത്തൊഴിലാളി നേതാക്കൻമാരും മാത്രമായിട്ടാണ് ഗവൺമെൻറ് ഈ കാര്യത്തിൽ ചർച്ചനടത്തിയത്. കൃഷിക്കാരുമായി ചർച്ച നടത്തുന്നതിന് ഒരുമ്പെട്ടില്ല. അതുകൊണ്ട് കശുവണ്ടി ഉൽപ്പാദകരായ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് വസ്തുത. ഈ കൊല്ലം പ്രഖ്യാപിച്ചിട്ടുള്ള വില കിലോഗ്രാമിന് 3 രൂപ 60 പൈസയാണ്. കഴിഞ്ഞ കൊല്ലം നിലവിലുണ്ടായിരുന്നത് 6 രൂപ 10 പൈസയാണ്. ആ സ്ഥാനത്താണ് ഇപ്പോഴത്തെ വിലയായ 3 രൂപ 60 പൈസയാക്കിരിക്കുന്നത്. കൃഷിക്കാരുടെ ഉൽപ്പാദനച്ചെലവിന്റെ നില പരിഗണിക്കുമ്പോൾ ഇന്നു

LIBRARY ARCHIVES Kerala Legislative Assembly